അൾട്ടർനേറ്റീവ് ഇന്ത്യ
വികൽപ് സംഗം

വാല്യം ഒന്ന് | മെയ് 2020

'സാധാരണ' ജനങ്ങളുടെ അസാധാരണ പ്രവൃത്തികൾ

മഹാമാരികൾക്കും അടച്ചിടലിനുമപ്പുറം

ജനസമൂഹങ്ങൾ, പൗരസമൂഹ പ്രസ്ഥാനങ്ങൾ, സർക്കാർ ഏജൻസികൾ തുടങ്ങിയവയുടെ പരിഗണനയ്ക്കായി ചില ഉദാഹരണങ്ങൾ, പാഠങ്ങൾ, നിർദേശങ്ങൾ

ഉള്ളടക്കം

മുഖവുര	01
ഭക്ഷണം	03
കമ്പോളം	08
ഉപജീവനം	15
ആരോഗ്യം	28

എഴുത്തുകാരുടെയും മറ്റു സംഭാവനകളുടെയും വിവരങ്ങൾക്കും വികൽപ് സംഗം സംബന്ധിച്ച വിവരങ്ങൾക്കും അവസാന പേജ് നോക്കുക

മുഖക്കുറിപ്പ്:
എന്തുകൊണ്ട് ഇങ്ങനെയൊരു രേഖ?

2020 മാർച്ച് മാസത്തിനു ശേഷം കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ഇന്ത്യയിലെ ദശലക്ഷക്കണക്കിനു ജനങ്ങളെ കഷ്ടത്തിലാക്കിയിരിക്കുന്നു. രാജ്യത്തെ തൊഴിൽസേനയിൽ ഏതാണ്ട് 90 ശതമാനവും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്; ഔപചാരികമായ തൊഴിൽസൗകര്യങ്ങൾ അവർക്കില്ല. അതേപോലെതന്നെ പ്രാഥമികവും ദ്വിതീയവുമായ ഉല്പാദനരംഗങ്ങളിലെ പ്രവർത്തകർ തങ്ങളുടെ ഉത്പന്നങ്ങള് വിറ്റഴിക്കാൻ ദൈനംദിനപ്രതിവാര ചന്തകളെയാണ് ആശ്രയിക്കുന്നത്. ഉല്പാദനസംവിധാനങ്ങൾ അടച്ചുപൂട്ടുന്നതും കമ്പോളങ്ങൾ നിശ്ചലമാകുന്നതും അവർക്കു താങ്ങാനാവാത്തതാണ്; കാരണം ജീവസന്ധാരണ സൗകര്യങ്ങളുടെ അടച്ചുപൂട്ടലാണ് അവർ നേരിടുന്നത്. പ്രവാസി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉറ്റവരിൽനിന്നും ഏറെയകലെയാണ് അവർ ഒറ്റപ്പെട്ടു കഴിഞ്ഞുകൂടുന്നത്. പൊതുഗതാഗത സൗകര്യങ്ങൾ ഒറ്റയടിക്ക് അപ്രത്യക്ഷമായതോടെ അവർ രാജ്യത്തു ഏറ്റവും കടുത്തപ്രതിസന്ധി നേരിടുന്ന വിഭാഗമായി മാറിയിരിക്കുന്നു. അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, ജലം, താമസസൗകര്യം എന്നിവ പോലുമില്ലാതെയാണ് ദശലക്ഷക്കണക്കിനാളുകൾ ഇന്ന് കഴിഞ്ഞു കൂടുന്നത്.

വ്യാപകമായ മാനുഷികദുരന്തങ്ങൾ പൊതുസമൂഹത്തിലും സർക്കാരിലും ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അടിയന്തിര സഹായം എത്തിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. എന്നാൽ ജനങ്ങളെ അലട്ടുന്ന ദുരന്തങ്ങളുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണാനുള്ള ശ്രമങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ സമ്പദ്ഘടനയിലും സമൂഹത്തിലും രാഷ്ട്രീയസംവിധാനത്തിലുമുള്ള ആഴമേറിയ പ്രശ്നങ്ങൾ കോവിഡ് ദുരന്തം നമ്മുടെ മുന്നിൽ അനാവരണം ചെയ്യുന്നു. തൊഴിലാളികളുടെയും ഉല്പാദകരുടെയും അങ്ങേയറ്റം മോശമായ അവസ്ഥ, അതിൽത്തന്നെ സ്ത്രീകളുടെയും ദളിതരുടെയും ആദിവാസികളുടെയും മറ്റു അരികുവല്കൃത സമൂഹങ്ങളുടെയും നീറുന്ന പ്രശ്നങ്ങൾ ഇതൊന്നും പൊതുസമൂഹ ശ്രദ്ധയിൽ വരുന്നില്ല. എന്നാൽ കോവിഡ് പ്രതിസന്ധി ഇതെല്ലം കൃത്യമായി ചൂണ്ടിക്കാണിക്കുന്നതാണ്. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളുടെ നിവൃത്തിക്കായി വിദൂരസ്ഥമായ കമ്പോളങ്ങളെയും ആഗോള വ്യാപാരത്തെയും ആശ്രയിക്കുന്നത് നിഷേധഫലമാണ് ഉണ്ടാക്കുകയെന്നു ഇപ്പോൾ വ്യക്തമാണ്. അതേപോലെ പാരിസ്ഥിതിക നാശവും ജനങ്ങളുടെ ജീവസന്ധാരണപ്രശ്നങ്ങളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതും ഇന്നു നമ്മൾ തിരിച്ചറിയുന്നു. ചുരുക്കത്തിൽ, അസമത്വവും നിലവിലുള്ള വികസനമാതൃകകളും തമ്മിലുള്ള സംഘർഷങ്ങളും അവയുടെ അപര്യാപ്തിയും ഇപ്പോൾ കണ്മുന്നിൽ തെളിയുന്നുണ്ട്.

ഈയവസ്ഥയിൽ, അടിയന്തിരമായ സഹായങ്ങളും ദുരിതാശ്വാസ ശ്രമങ്ങളും മുന്നോട്ടു കൊണ്ടുപോവുമ്പോൾ തന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാര നടപടികളെക്കുറിച്ചും ആലോചിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ തലങ്ങളിലെ നയങ്ങളിലും നിലപാടുകളിലുംആവശ്യമായ മാറ്റങ്ങളെക്കുറിച്ചുള്ള പരിചിന്തനങ്ങൾക്കു സമയമായി. ലോകത്തെ മറ്റുരാജ്യങ്ങളെപ്പോലെ ഇന്ത്യയും ബദൽമാർഗങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സൗഖ്യവും ക്ഷേമവും അന്തസ്സായി ജീവിക്കാനുള്ള സൗകര്യങ്ങളും ഉറപ്പു വരുത്തുന്ന നയങ്ങളാണു നമുക്ക് വേണ്ടത്. പാരിസ്ഥിതികമായ നിലനില്പും അതിപ്രധാനമാണ്. ഗ്രാമനഗര പ്രദേശങ്ങളിലെ ജനങ്ങളുടെ സ്വയംശാക്തീകരണത്തിന് സഹായകമായ നയങ്ങളാണ് അനിവാര്യം. ഭക്ഷണം, ആരോഗ്യം, ജലം, ഊർജം, പാർപ്പിടം, വിദ്യാഭ്യാസം മറ്റു അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ രംഗങ്ങളിൽ കാര്യങ്ങൾ നിയന്ത്രിക്കാനും തീരുമാനമെടുക്കാനുമുള്ള സമൂഹങ്ങളുടെ കഴിവു വർധിപ്പിക്കുന്നതിലാണ് ഊന്നൽ നൽകേണ്ടത്. ആത്യന്തികമായി ഈ മാറ്റങ്ങൾ സ്വാശ്രയത്വ ത്തിലേക്കും സ്വയംപര്യാപ്തിയിലേക്കും ജനസമൂഹങ്ങളെ നയിക്കണം.

അത്തരം സമൂഹത്തെയാണ് നമ്മൾ സ്വരാജ് എന്ന് വിളിക്കുന്നത്. അതിലേക്കുള്ള പ്രയാണം ഇന്നൊരു സൈദ്ധാന്തിക വിഷയം മാത്രമല്ല. ഇന്ത്യയിൽ പല ഭാഗങ്ങളിലും നൂറുകണക്കിന് ബദൽപരീക്ഷണങ്ങളി

മുഖക്കുറിപ്പ്:
എന്തുകൊണ്ട് ഇങ്ങനെയൊരു രേഖ?

ലൂടെ അത്തരമൊരു സമൂഹത്തിന്റെ നിർമാണപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. ഈ രേഖയിൽ അങ്ങനെ ചില പരീക്ഷണങ്ങളുടെ ഉദാഹരണങ്ങളാണ് വിവരിക്കുന്നത്. അത്തരം ഉദ്യമങ്ങൾ മറ്റു പ്രദേശങ്ങളിൽ ആരംഭിക്കുന്നതിന് രേഖ സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു. കോവിഡ് ബാധയുടെ അവസരത്തിൽ നമ്മൾ നേരിട്ട നിരവധി ഗുരുതര പ്രശ്നങ്ങളുണ്ട്; പലതും നേരത്തെയും നിലനിൽക്കുന്നതാണെങ്കിലും അവയുടെ ആഘാതം സമൂഹശ്രദ്ധയിൽ എത്തുന്നത് ഈ അവസരത്തിലാണ്. എന്നാൽ ഓരോ പ്രശ്നത്തിനും പ്രയോഗിക പരിഹാരം നിർദേശിക്കുന്ന ബദലുകൾ രാജ്യത്തുണ്ട്. വിവിധ ജനസമൂഹങ്ങൾ, പൊതുസമൂഹ സംരംഭങ്ങൾ സർക്കാർ ഏജൻസികൾ അങ്ങനെ പലരും അത്തരം പരീക്ഷണങ്ങളിൽ ഇടപെടുന്നുമുണ്ട്.

അവയെ അറിയാനും അവയിൽ നിന്ന്ചില പാഠങ്ങൾ ഉൾക്കൊള്ളാനും ഞങ്ങൾ നിങ്ങളെ ക്ഷണിക്കുകയാണ്. ഈ രേഖ നിങ്ങൾക്കു കിട്ടുന്നത് ഏതു ഭാഷയിലായാലും ഏതു രൂപത്തിലായാലും മറ്റുള്ളവർക്കു കൂടി അതു പങ്കുവെക്കാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഞങ്ങളുടെ ശ്രദ്ധയിൽ പെടുത്താനായി നിങ്ങളുടെ മുന്നിൽ ഏതെങ്കിലും മാതൃകയുടെ വിവരമുണ്ടെങ്കിൽ അതു അറിയിക്കുകയും ചെയ്യുമല്ലോ.

ബന്ധപ്പെടേണ്ട വിലാസം:

ജൂഹി പാണ്ഡെ: studiojuhi@gmail.com, 9820039110
ജിഗ്സ് സ്പൂർ: gijs@auroville.org.in, 9943820241 (വാട്സ്ആപ്പ്, എസ്.എം.എസ്)

പ്രശ്നം : ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം : സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

ഫോട്ടോ: ആശിഷ് കോത്താരി

(ഇടത്ത്) നരസമ്മയും സഹപ്രവർത്തകരും യോഗത്തിൽ (വലത്ത്) സംഘം വക ജൈവവിഭവ വില്പന കേന്ദ്രം, സഹീറാബാദ്

ഡെക്കാൻ ഡവലപ്മെന്റ് സൊസൈറ്റിയിലെ ദളിത് ആദിവാസി വനിതാ കർഷകർ, തെലുങ്കാന

കഴിഞ്ഞ 2530 കൊല്ലമായി തെലുങ്കാനയിലെ സഹീറാബാദ്ജില്ലയിലെ നാടോടി ആദിവാസികളും ദളിതരുമായ ഗ്രാമവാസി വനിതകൾ കാർഷികരംഗത്ത് ഒരു വിപ്ലവത്തിന് തിരികൊളുത്തിയിട്ട്. എഴുപതു ഗ്രാമങ്ങളിലെ സന്നദ്ധസംഘടനകൾ ഡക്കാൻ ഡവലപ്മെന്റ് സൊസൈറ്റിയുടെ http://www.ddsindia.com നേതൃത്വത്തിൽ പരമ്പരാഗത വിത്തുകളും കൃഷിരീതികളും പുനരുദ്ധരിച്ചു. പ്രധാനമായും ചാമ (റാഗി)യുടെ വിളവിലാണ് അവർ ശ്രദ്ധയൂന്നിയത്. കാരണം ജലക്ഷാമം ഏറെയുള്ള പ്രദേശ മാണത്. പ്രാദേശികവും ജൈവവുമായ വളമാണ് അവർ ഉപയോഗിക്കുന്നത്. പലതവണ വിളവെടുക്കാൻ സഹായകമായ ബഹുകൃഷി രീതിയാണ് അവർ നടത്തുന്നത്. ഓരോഗ്രാമത്തിലും ഒരു വിത്തുബാങ്കും പ്രവർത്തിക്കുന്നു . വനിതകൾക്കു കൃഷിഭൂമിയിൽ അവകാശത്തിനായി അവർ ശ്രമം നടത്തുന്നു. ഇതിന്റെ ഫലമായി ഗ്രാമങ്ങളിൽ നിലനിന്ന ഭക്ഷ്യക്ഷാമവും പോഷകാഹാരക്കുറവും പരിഹരിക്കാൻ അവർക്കു സാധിച്ചു. ഗ്രാമവാസികൾ തങ്ങളുടേതായ പൊതുവിതരണസംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പാവങ്ങൾക്കു ചുരുങ്ങിയ ചെലവിൽ പോഷകമൂല്യമുള്ള ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുകകയാണ് അതിന്റെ ലക്ഷ്യം. ഹൈദരാബാദിൽ 100 കുടുംബങ്ങൾ അംഗമായ ഉൽപാദക ഉപഭോക്തൃ സംവിധാനവും ConFarm http://confarm.mystrikingly.com എന്ന പേരിൽ അവർ ഏർപ്പെടുത്തിയിട്ടുണ്ട്. ജാതിയും പുരുഷമേധാവിത്വവും അടിച്ചമർത്തിയ സമൂഹത്തിൽ തങ്ങളുടെ അന്തസ്സു തിരിച്ചു പിടിക്കാനും ഈ സംരംഭങ്ങൾ അവരെ സഹായിക്കുന്നു. ഈ നീക്കങ്ങൾ അവർക്കു ഐക്യരാഷ്ട്രസഭയുടെ തുല്യതാ പുരസ്കാരവും നേടിക്കൊടുത്തു.

കോവിഡ് അടച്ചുപൂട്ടലിന്റെ കാലത്തു ഈ സ്ത്രീകളും കുടുംബങ്ങളും ഭക്ഷ്യസുരക്ഷ അനുഭവിക്കുക മാത്രമല്ല, നിരവധി ഭൂരഹിത കുടുംബങ്ങൾക്കു ഭക്ഷണം ലഭ്യമാക്കുകയും ജില്ലാതല ദുരിതാശ്വാസ പ്രവർ

പ്രശ്നം : ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം : സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

ത്തനങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. സഹീരബാദ് പട്ടണത്തിൽ ഡ്യൂട്ടിയിലുള്ള ആരോഗ്യ,പോലീസ്, മുനിസിപ്പൽ ജീവനക്കാർക്ക് പ്രതിദിനം ആയിരം ഗ്ലാസ് രുചികരമായ ചാമക്കഞ്ഞി നൽകാനും അവർക്കു സാധിക്കുന്നു.

പാഠങ്ങൾ:

ജലലഭ്യത കുറഞ്ഞ വരണ്ട പ്രദേശത്തു പോലും പ്രാദേശിക വിഭവങ്ങളും അറിവുകളും ഉപയോഗപ്പെടുത്തിയുള്ള ഉല്പാദനത്തിലൂടെയും പ്രാദേശിക ചന്തകളുടെ സഹായത്തോടെയും കുറഞ്ഞ ചിലവിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവും. എന്നാൽ ഇന്ത്യയിലെ കാർഷികവികസന നയങ്ങൾ ഇതിനു കടകവിരുദ്ധമായ സമീപനമാണ് സ്വീകരിച്ചത്. അതിനാൽ നയങ്ങളിൽ അടിസ്ഥാനപരമായ തിരുത്തലുകൾ അനിവാര്യമാണ്.

ബന്ധപ്പെടുക:

ജയശ്രീ ചെറുകുറി jaysari.dds@gmail.com.

കൂടുതൽ വിവരങ്ങൾക്ക്:

https://vscoronatimes.blogspot.com/2020/04/vikalpvarta2selfreliantvillage.html

ഫോട്ടോ: ആശിഷ് കോത്താരി

ഫോട്ടോ: ഡി.ഡി.എസ്

(ഇടത്ത്) ഇല്ലപ്പള്ളി ഗ്രാമത്തിലെ സംലമ്മ, തെലുങ്കാന (വലത്ത്) ഡിഡിഎസ് വക ചാമക്കഞ്ഞി വിതരണം

പ്രശ്നം : ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം : സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

ഫോട്ടോ: ആശിഷ് കോത്താരി

(ഇടത്ത്) കെദ്യ ഗ്രാമീണർ ജൈവകൃഷിയിൽ (വലത്ത്) കെദ്യ ജൈവകൃഷികളം

കേദിയ ജൈവഗ്രാമം, ബീഹാർ

ബിഹാറിലെ ജാമുയി ജില്ലയിലെ കേദിയ ഗ്രാമക്കാരായ 97 കർഷക കുടുംബങ്ങൾ 2014ലാണ് പരിസ്ഥിതിസൗഹൃദപരമായ കൃഷിക്കായി ജീവിക്കുന്ന മണ്ണ് എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. ജൈവസങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ഭൂമിയുടെ ഫലഭൂയിഷ്ഠത പുഷ്ടിപ്പെടുത്തുകയിരുന്നു പ്രധാന ലക്ഷ്യം. രാസവള ഉപയോഗം ഒഴിവാക്കിയായിരുന്നു കൃഷിരീതി. ദീർഘകാലം തങ്ങൾ കാർഷികരാസവള കമ്പനികളുടെ നിയന്ത്രണത്തിലുള്ള വിത്ത്, വളം, അമിതജലോപയോഗം, ഏകവിള എന്ന വിഷമവൃത്തത്തിൽ പെട്ടു കിടക്കുകയായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞു. ഗോതമ്പും നെല്ലും മാത്രമാണ് അവർ കൃഷി ചെയ്തത്. ഇന്ത്യയിലെങ്ങും ഹരിതവിപ്ലവത്തിന്റെ ഇരകളായ കർഷകരുടെ അനുഭവവും ഇതുതന്നെയായിരുന്നു.

ഗ്രീൻപീസ് ഇന്ത്യ, സംസ്ഥാന കൃഷിവകുപ്പ് എന്നിവയുടെ സഹായത്തോടെ അവർ തുടക്കത്തിൽ ചില പരീക്ഷണങ്ങൾ ആരംഭിച്ചു. തുടർന്ന് നാലഞ്ചുവർഷം കൊണ്ട് തങ്ങളുടെ പ്രദേശത്തെ കൃഷിരീതിയാകെ അവർ മാറ്റിയെടുത്തു. ഇന്ന് തങ്ങൾക്കാവശ്യമുള്ള സകല വിഭവങ്ങളും അവിടെത്തന്നെ വിളയിക്കുന്നു (ഉപ്പും പഞ്ചസാരയും ഒഴികെ). ഗ്രാമത്തിനു പുറത്തു നിന്നുള്ള യാതൊന്നും ഉപയോഗിക്കാതെ പൂർണമായും ജൈവമായ കൃഷിരീതിയാണ് അവിടെയുള്ളത്. കീടശല്യം ഒഴിവാക്കാൻ ജൈവവൈവിധ്യം അവരെ സഹായിക്കുന്നു. ഭൂമിയുടെ ഫലസമൃദ്ധി നിലനിർത്താനും അത് സഹായകമാണ്. കിണറുകൾ അവർ വീണ്ടെടുത്തു. ഗ്രാമങ്ങളിലെ കൃഷിക്കും മറ്റുആവശ്യങ്ങൾക്കും ആവശ്യമായ ജലം അവർക്കു അതിലൂടെ ലഭ്യമായി. അങ്ങനെ കുഴൽക്കിണറുകൾ പൂർണമായും ഒഴിവാക്കി. ഈ മാറ്റം സാധ്യമായത് കർഷകരുടെയും സർക്കാരുദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമങ്ങളുടെ ഫലമായാണ്.

ഈ അനുഭവങ്ങൾ ജൈവകൃഷി രീതിയെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ ബീഹാർ സർക്കാരിനെ പ്രേരിപ്പിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ ജൈവകൃഷി മാതൃകാഗ്രാമം കെട്ടിപ്പടുക്കാൻ സർക്കാരിന്റെ

പ്രശ്നം : ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം : സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

മൂന്നാമത് കാർഷിക മാർഗരേഖ ലക്ഷ്യമിടുന്നു. ഗംഗാനദിയുടെ ഇരുകരകളിലും ഹൈവേ ഓരങ്ങളിലും ഇത്തരം ജൈവ മാതൃകാഗ്രാമങ്ങളുടെ ഇടനാഴി സ്ഥാപിക്കും. 2020 നകം 21,000 ഏക്കർ കൃഷിഭൂമി ജൈവകൃഷിയിലേക്കു മാറ്റുമെന്നും രേഖ പറയുന്നു.

കോവിഡ് കാലത്തു എല്ലാ ഗ്രാമവാസികൾ മുഖാവരണം നിർമിച്ചു നൽകുകയും ശീലങ്ങളിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. അടച്ചിടൽ കാരണം ദിവസക്കൂലിക്കാരായ തൊഴിലാളികളുടെ സ്ഥിതി വിഷമകരമായതും പല കർഷകരും സാമ്പത്തികപ്രശ്നങ്ങളിൽ പെട്ടതും കണക്കിലെടുത്തു കെദ്യയിലെ കർഷകർ സാമൂഹിക ഐക്യത്തിനു നീക്കങ്ങൾ നടത്തി. സമീപപ്രദേശങ്ങളിലെ 426 കുടുംബങ്ങൾക്ക് ഭക്ഷ്യവിഭവങ്ങൾ അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തു. ജൈവനിർമിത അരി, ആട്ട, പരിപ്പ്, എണ്ണ, കടല എന്നീ ഇനങ്ങളാണ് വിതരണം ചെയ്തത്. സർക്കാർവക റേഷൻ ലഭിക്കാതിരുന്ന കുടുംബങ്ങൾക്കാണ് അവർ സഹായം നൽകിയത്. പ്രാദേശിക മാധ്യമങ്ങൾ, പഞ്ചായത്ത് അംഗങ്ങൾ, പൊതുസമൂഹ ഗ്രൂപ്പുകൾ തുടങ്ങിയവരുടെ സഹായത്തോടെയാണ് അർഹരെ കണ്ടെത്തിയത്. സഹായവിതരണവും അവർ വഴി തന്നെ നടത്തി.

പാഠങ്ങൾ:

പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന ജൈവകൃഷിസംഘങ്ങൾക്ക് അതാതു പ്രദേശങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാകും. കോവിഡ് പോലെയുള്ള പ്രതിസന്ധികളെ സ്വയമേവ തരണംചെയ്യാൻ അത് ഗ്രാമീണരെ പ്രാപ്തരാക്കും. പ്രയാസം നേരിടുന്ന സമീപവാസികൾക്കു അടിയന്തിര സഹായം എത്തിക്കാനും അവർക്കു ശേഷിയുണ്ടാകും. നയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും സർക്കാർ, പൊതുസമൂഹ സംവിധാനങ്ങളിൽ നിന്നുള്ള സഹായവും പിന്തുണയും പ്രധാനമാണ്. പ്രാദേശിക സ്വയംപര്യാപ്ത സാധ്യമാകുന്ന തരത്തിൽ ജനങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിന്അത് അനിവാര്യമാണ്.

ബന്ധപ്പെടുക:

ഇഷ്തീയാഖ് അഹമ്മദ്: ishteyaque.ahmed@greenpeace.org

ഫോട്ടോ: കെഡിയയിലെ കർഷകർ

കെദ്യ കോവിഡ് സഹായകേന്ദ്രം

പ്രശ്നം : ഗ്രാമങ്ങളിലെ ഭക്ഷ്യലഭ്യതക്കുറവ്
പരിഹാരം : സമൂഹനിയന്ത്രണത്തിൽ ഭക്ഷ്യസുരക്ഷ

ഗ്രാമതല ഭക്ഷ്യസുരക്ഷ സംബന്ധിച്ച് ചില നിർദേശങ്ങൾ

- ചെറുകിട ഉല്പാദകർക്കു മുഖ്യപരിഗണന നൽകുക (ഇന്ത്യയിൽ കാർഷികമേഖലയിൽ അവരാണ് ഏറ്റവും കൂടുതൽ). കർഷകർ, നാടോടികൾ, മീൻപിടിത്തക്കാർ, വനവാസികൾ, കൈപ്പണിക്കാർ തുടങ്ങിയവരാണ് ചെറുകിട ഉൽപാദകരിലുള്ളത്.
- ഗ്രാമങ്ങളിലും ഗ്രാമങ്ങളുടെ ക്ളസ്റ്ററുകളിലുമായി അവരെ സംഘടിപ്പിക്കുക. ഭൂമിയും ഉല്പാദനത്തിനു ആവശ്യമായ മറ്റു സംവിധാനങ്ങളും അവർക്കു ലഭ്യമാകുന്നു എന്നുറപ്പു വരുത്തുക.
- ഭക്ഷ്യവിഭവങ്ങൾക്ക് പ്രാധാന്യംനൽകി ജൈവവൈവിധ്യമുള്ളതും പ്രാദേശിക പരിസ്ഥിതിക്ക് പറ്റിയതുമായ കൃഷിരീതി വളർത്തുകയും അവയ്ക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക. കമ്മ്യൂണിറ്റിതലത്തിൽ ഗ്രാമീൺ ബാങ്കുകൾ സ്ഥാപിക്കുക. ഉത്പന്നങ്ങൾ സംഭരിക്കുന്നതിനു പരമ്പരാഗത രീതികൾ പ്രോത്സാഹിപ്പിക്കുക. പ്രാദേശികമായ വിത്തുകളും കന്നുകാലി ഇനങ്ങളും കണ്ടെത്തി സംരക്ഷിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

- ജലോപയോഗത്തിൽ ശ്രദ്ധ നൽകുക; വരണ്ടപ്രദേശങ്ങളിൽ മഴമൂലം ജലസേചനം നടക്കുന്ന കൃഷിരീതി പ്രോത്സാഹിപ്പിക്കുക. കുഴൽക്കിണറുകളും അമിതജല ഉപയോഗമുള്ള കൃഷികളും നിരുത്സാഹപ്പെടുത്തുക. തുറന്നകിണറുകൾ പ്രോത്സാഹിപ്പിക്കുകയും ഉപയോഗിക്കാതെ കിടക്കുന്നവ വീണ്ടും ഉപയോഗത്തിൽ കൊണ്ടുവരികയും ചെയ്യുക. കുളം തുടങ്ങിയ മറ്റു ജലസംഭരണികളും പരമാവധി ഉപയോഗിക്കുക.
- ജൈവ കൃഷിരീതികളിലേക്കു കർഷകരെ ആകർഷിക്കാനായി നിലവിൽ രാസവളങ്ങൾക്കും മറ്റു ഹരിതവിപ്ലവ ഇനങ്ങൾക്കും നൽകിവരുന്ന സബ്സിഡി ആനുകൂല്യം ജൈവഇനങ്ങളുടെ പ്രോത്സാഹനത്തിനായി മാറ്റി ഉപയോഗിക്കുക. കർഷകർ സ്വയംപര്യാപ്തരാകുന്നതിനു ലക്ഷ്യമിട്ടാണ് സബ്സിഡി നൽകേണ്ടത്. സർക്കാരിനെ സ്ഥിരമായി ആശ്രയിക്കാനുള്ള പ്രവണത അനുവദിക്കരുത്.
- വൻകിട ഉല്പാദകർ പ്രത്യേകിച്ചും കോർപ്പറേറ്റ് കമ്പനികൾ കാർഷികരംഗം കയ്യടക്കുന്നതു നിരുത്സാഹപ്പെടുത്തുക. അതിനായി നികുതിഘടന പരിഷ്ക്കരിക്കുക; നിയമനിർമാണം നടത്തുക.
- പൊതുവിതരണ സംവിധാനം, അംഗൻവാടികൾ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതികൾ എന്നിവയുടെ ഉപയോഗത്തിന് പ്രാദേശികമായ ഭക്ഷ്യവിഭവങ്ങൾ പ്രോത്സാഹിപ്പിക്കുക. അവയുടെ പ്രവർത്തനം ഏറ്റെടുത്തു നടത്താൻ പ്രാദേശിക സംഘങ്ങളെ ഏല്പിക്കുക. സ്കൂളുകൾ, ആശുപത്രികൾ മറ്റു പൊതുസ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലും ഇത്തരം ഭക്ഷ്യങ്ങൾക്കു പ്രോത്സാഹനം നൽകുക. പ്രാദേശികമായി ലഭ്യമായ വിളകൾ, കന്നുകാലികൾ, മൽസ്യങ്ങൾ എന്നിവക്കും അവയുടെ ചെറുകിടക്കാരായ ഉല്പാദകർക്കും പ്രാധാന്യം നൽകുക.
- ഭക്ഷ്യസുരക്ഷയും ആ രംഗത്തെ സ്വാശ്രയത്വവും അപകടത്തിലാക്കുന്ന എല്ലാ നടപടികളിൽ നിന്നും വിട്ടുനിൽക്കുക. സ്വതന്ത്രവ്യാപാരം പ്രോത്സാഹിപ്പിക്കുന്ന വ്യാപാര ഉടമ്പടികൾ ഒപ്പുവെക്കാതിരിക്കുക; നിലവിലുള്ള അത്തരം കരാറുകളിൽ നിന്നു പിൻവാങ്ങുക.

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

ഫോട്ടോ: മനസ് അരവിന്ദ്

ഗുഡ്ഗാവ് കർഷക മാർക്കറ്റ്

ഗുഡ്ഗാവിലെ ജൈവകർഷക മാർക്കറ്റ് (http://www.gofmonline.in) 2014 മുതൽ തുടർച്ചയായി പ്രവർത്തിച്ചു വരികയായിരുന്നു; കോവിഡ്കാല അടച്ചിടൽ വരെ. ഗുഡ്ഗാവിലെ 20 ജൈവകർഷകരെ ഏതാണ്ട് 500 ഉപഭോക്തൃ കുടുംബങ്ങളുമായി ബന്ധപ്പെടുത്തുന്നത് ഈ ചന്തയാണ്. ലോക്ക്ഡൗൺ വന്നതോടെ ചന്തയുടെ പ്രവർത്തനം ഓൺലൈനിലേക്കു മാറി. ഇപ്പോൾ ഉത്പന്നങ്ങൾ വീടുകളിൽ എത്തിച്ചുനൽകുകയാണ് രീതി. ഇക്കാലമത്രയും ലാഭം ഇച്ഛിക്കാത്ത ഒരു ഇടപാടായാണു ചന്ത നടന്നു വന്നത് .സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലുള്ള അതിന്റെ പ്രവർത്തനങ്ങളെ ചില ധാർമികമൂല്യങ്ങളാണ് നയിച്ചത്.

പ്രാദേശിക കർഷകരാണ് പ്രധാനമായും ചന്തയിൽ ഉത്പന്നങ്ങൾ എത്തിക്കുന്നത്. പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി യോജിക്കുന്നവർക്കു അതിൽ അംഗമാകാം. ചന്തയിൽ കർഷകർക്കും കടക്കാർക്കും സ്റ്റാളുകളുണ്ട്. വില നിശ്ചയിക്കുന്നത് കർഷകർ തന്നെയാണ്.

സന്നദ്ധപ്രവർത്തകരും ചിലപ്പോൾ ഉപഭോകതാക്കളും കൃഷിയിടങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കും. ഉത്പന്നങ്ങൾ ജൈവരീതിയിൽ തന്നെയാണ് ഉല്പാദിപ്പിക്കുന്നതെന്ന് ഉറപ്പുവരുത്താനാണിത്. ചന്തയുടെ ഉപജ്ഞാതാക്കൾ ജൈവസർട്ടിഫിക്കറ്റ് സമ്പ്രദായത്തിൽ വിശ്വസിക്കുന്നില്ല; പരസ്പര വിശ്വാസമാണ് പ്രധാനം എന്ന് അവർ കരുതുന്നു. ചില അവസരങ്ങളിൽ കൃഷിക്കാർ വഞ്ചന കാ ട്ടിയതായി തെളിഞ്ഞിട്ടുണ്ട്. അവരെ കമ്പോളത്തിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്. എന്നാൽ ജൈവരീതിയിൽ കൃഷി തുടരുന്നതിലാണ് അധികംപേർക്കും താല്പര്യം. കാരണം അതിനാണ് ആവശ്യക്കാർ കൂടുതൽ. അതിനാൽ ഇങ്ങനെ നടപടിയെടുക്കേണ്ട അവസരങ്ങൾ അപൂർവമായി മാത്രമാണ് ഉണ്ടായിട്ടുള്ളത്.

ഇത്തരത്തിലുള്ള ചന്തകളുടെ ഒരു പൊതുകൂട്ടായ്മ ഓൺലൈനിൽ ഈയിടെ മനാസ് അരവിന്ദ് ആരംഭിച്ചിട്ടുണ്ട്. പുതിയചന്തകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും അതു പ്രയോജനപ്രദമാണ്.

ബന്ധപ്പെടുക: farmers-markets-india@googlegroups.com

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

പാഠങ്ങൾ:

എല്ലാ ഗ്രാമങ്ങളെയും സമീപസ്ഥമായ മറ്റു ഗ്രാമങ്ങളുമായും പട്ടണങ്ങളുമായും നഗരങ്ങളുമായും ബന്ധിപ്പിക്കാനാവും. അവിടെ കർഷകരും ഇടയന്മാരും മീൻപിടുത്തക്കാരും ആദിവാസികളും കരകൗശല വേലക്കാരുമായ ഉല്പാദകർക്കു വിപണി കണ്ടെത്തുകയും ചെയ്യാം. സ്ഥിരമായി ചന്തയിൽ സ്റ്റാളുകൾ കെട്ടി ഉല്പാദകർക്കോ അവരിൽ നിന്ന് സാധനം ശേഖരിക്കുന്ന കടക്കാർക്കോ അവ വിൽക്കാനാവും. അവശ്യസാധനങ്ങൾക്ക് പ്രാദേശികാടിസ്ഥാനത്തിൽ വിപണി കണ്ടെത്താൻ അതു സഹായിക്കും. അകലെയുള്ള കമ്പോളങ്ങളെ ആശ്രയിക്കേണ്ട കാര്യമില്ല. മാത്രമല്ല കോവിഡ് തെളിയിച്ച പോലെ അവ പൂർണമായും ആശ്രയിക്കാവുന്നതുമല്ല. അത്തരം വിപണികളിൽ ലാഭം കയ്യടക്കുന്നത് ഇടനിലക്കാരോ വൻകിട കമ്പനികളോ ആണെന്നതും ഓർക്കണം.

ഇവിടെ പ്രധാന വെല്ലുവിളി ജൈവഉത്പന്നങ്ങൾ സാധാരണക്കാർക്ക് താങ്ങാനാവുമോ എന്നതാണ്. ചുരുങ്ങിയ വരുമാനക്കാർക്കു കൂടി അവ പ്രാപ്യമാക്കുന്നതെങ്ങനെ? ക്രോസ് സബ്സിഡിയും സർക്കാർ പൊതുസമൂഹ ഇടപെടലുകളും വഴി അതിനു ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും .

ബന്ധപ്പെടുക: മാനസ് അരവിന്ദ് manasarvind@gmail.com

വിവരങ്ങൾക്ക് കാണുക:

https://vscoronatimes.blogspot.com/2020/04/vikalpvarta1farmersmarkets.html

ഫോട്ടോ: മനസ് അരവിന്ദ്

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

ഫോട്ടോ: ദയാനന്ദ് നികം

സത്താറയിലെ ഗ്രാമീണ കൃഷി വിഭവങ്ങളുമായി ലോറി നഗരത്തിലേക്ക്

കോവിഡ് കാലത്തു സത്താറയിലെ 'വീട്ടിലേക്കു നേരിട്ട്' കൈമാറ്റ പരിപാടി

റബിവിളവെടുപ്പിനു തൊട്ടുപിന്നാലെ കോവിഡ് മഹാമാരി വന്നത് രണ്ടു വെല്ലുവിളികളാണ് സത്താറയിലെ കർഷകർക്കു മുന്നിൽ ഉയർത്തിയത്. ഒന്ന്, വിളവെടുക്കുന്നതിനു പ്രവാസിതൊഴിലാളികളുടെ അഭാവം; രണ്ട് വിഭവങ്ങൾ കമ്പോളത്തിലേക്കു എത്തിക്കാൻ ട്രക്ക് ഡ്രൈവർമാരുടെ കുറവ്. ഉത്പന്നങ്ങൾ ഒന്നിച്ചെടുക്കാൻ ഗ്രാമങ്ങളിൽ എത്തിയ ഇടനിലക്കാർ അവസരം മുതലാക്കാനിറങ്ങി. പലേടത്തും ഉത്പന്നങ്ങൾ വാങ്ങാൻ അവർ വിസമ്മതിച്ചു. വാങ്ങിയാൽതന്നെ വില പതിവിലും വളരെ കുറവ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തിയ തൊഴിലാളികൾ കൂട്ടത്തോടെ ഒഴിഞ്ഞുപോയത് സംസ്ഥാനമാകെ കാർഷിക പ്രവൃത്തികളെ തകിടംമറിച്ചു. അതിനു പരിഹാരം കാണാൻ സർക്കാർ നടപടിയൊന്നും എടുത്തുമില്ല.

സത്താറയിലെ പ്രാദേശിക ഭരണാധികാരികൾ അതിനു പ്രാദേശികമായിത്തന്നെ പരിഹാരം കാണാൻ ശ്രമങ്ങൾ ആരംഭിച്ചു. കർഷകർ, പ്രാദേശിക ചന്തയിലെ ഇടനിലക്കാർ, പൊതുസമൂഹ സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെയാണ് അവർ ബദൽമാർഗങ്ങൾ തേടിയത് http://www.foundingfuel.com/article/the-satara-uprising. മുനിസിപ്പാലിറ്റിയിലെ ഡെപ്യൂട്ടി ചീഫ്ഓഫീസറും ആരോഗ്യവകുപ്പു തലവനുമായ സഞ്ചിത് ദുമൽ, സാമൂഹിക പ്രവർത്തകനായ അവിനാശ് പോൾ എന്നിവരാണ് അതിനു നേതൃത്വം നൽകിയത്. അവശ്യസാധനങ്ങളായ ധാന്യങ്ങൾ, പാൽ, പച്ചക്കറി, പഴങ്ങൾ തുടങ്ങിയവ വീടുകളിലേക്കു നേ രിട്ട് എത്തിക്കാനുള്ള പദ്ധതിയാണ് അവർ ആസൂത്രണം ചെയ്തത്. അതു വൻവിജയമായി. സാമൂഹിക അകലം കൃത്യമായി പാലിച്ചു കൊണ്ടാണ് വിഭവങ്ങൾ വീടുകളിൽ എത്തിച്ചത്. അത് കർഷകർക്കും വളരെ സഹായകമായി. സത്താറ മുനിസിപ്പൽ അധികൃതരുടെ സഹായത്തോടെ 38 പ്രാദേശിക കർഷകർ ത ങ്ങളുടെ ഉത്പന്നങ്ങൾ നഗരത്തിൽ നേരത്തെ നിശ്ചയിച്ച വിതരണകേന്ദ്രങ്ങളിൽ എത്തിക്കുകയും ഉച്ചഭാഷിണിയുടെ സഹായത്തോടെ ഉപഭോക്താക്കളെ അറിയിക്കുകയുമാണ്. നേരത്തെ ഇടനിലക്കാരുടെ സഹായത്തോടെ വിപണനം നടത്തിയ അവസരത്തിൽ നിന്നും വ്യത്യസ്തമായി തങ്ങൾക്കു കൂടുതൽ മെച്ചപ്പെട്ട വരുമാനം ഇതുവഴി കിട്ടുന്നതായി കർഷകർ

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

പറഞ്ഞു.

ഉത്പന്നങ്ങൾ വിതരണകേന്ദ്രത്തിൽ എത്തിക്കുന്നതിനായി വാഹനങ്ങൾ ഓടിക്കാൻ അനുമതി നേടിയ കർഷകർ ഒരു സഹകരണസംഘം സ്ഥാപിച്ചു വീടുകളിൽ നേരിട്ടു ഉത്പന്നങ്ങൾ എത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിരിക്കുകയാണ്. പ്രതിദിനം 12001500 രൂപ വാടകക്ക് ഓടുന്ന വാനുകളിൽ അവർ കാർഷിക ഉത്പന്നങ്ങൾ വീടുകളിൽ നേരിട്ടു എത്തിക്കുന്നു. ഇടനിലക്കാരെ ഒഴിവാക്കിയാണ് വിപണനം . ഏപ്രിൽ മാസത്തിൽ 250 വീടുകളിൽ ഇങ്ങനെ സാധനങ്ങൾ എത്തിക്കാൻ അവർക്കു സാധിച്ചു.

സാമൂഹിക അകലം പാലിക്കൽ അസാധ്യമായ തിരക്കുപിടിച്ച മണ്ടികളിലെ അവസ്ഥയിൽനിന്നും വ്യത്യസ്തമായ രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കിയതിനാൽ കർഷകർക്കു നേട്ടമുണ്ട്. ഉപഭോക്താക്കളും സംതൃപ്തരാണ്; മെച്ചപ്പെട്ട സാധനങ്ങൾ മിതമായവിലയിൽ വീടുകളിൽ ലഭിക്കുന്നു. സാധനങ്ങൾ വീട്ടുമുറ്റത്തു സ്ഥിരമായി ലഭിക്കും എന്നുറപ്പുള്ളതിനാൽ ഒന്നും അമിതമായി ശേഖരിച്ചുവെക്കേണ്ട ആവശ്യവുമില്ല.

പാഠങ്ങൾ:

പ്രാദേശികതലത്തിൽ വികേന്ദ്രീകൃതമായി കർഷകരും അവരുടെ ഉത്പന്നങ്ങളുടെ ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപാടുകൾ പലതരത്തിലുള്ള നേട്ടങ്ങൾക്കും കാരണമാകും. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും പരിസ്ഥിതിക്കും അതു ഗുണം ചെയ്യും. പ്രാദേശികസമൂഹങ്ങളുടെ ശാക്തീകരണത്തിനും അതു സഹായകമാണ്. അതേപോലെ ഗ്രാമനഗര ബന്ധങ്ങളിൽ ഗുണാത്മകമായ മാറ്റങ്ങൾ വരുത്താനും അതുപകരിക്കുന്നു. കോവിഡ് പോലെയുള്ള ഗുരുതരമായ പ്രതിസന്ധികളെപ്പോലും തരണം ചെയ്യാൻ ഇത്തരം ബന്ധങ്ങൾ വിവിധവിഭാഗം ജനങ്ങളെ പ്രാപ്തരാക്കുന്നു.

ഇവിടെയുള്ള വെല്ലുവിളി ഇത്തരം ബന്ധങ്ങൾ കോവിഡ് ഉയർത്തിയ സവിശേഷ സാഹചര്യത്തിനപ്പുറവും നിലനിർത്തി കൊണ്ടുപോകാൻ സാധ്യമാകുമോ എന്നതാണ് . അതേപോലെ കാർഷികരംഗത്തു കൂടുതൽ പരിസ്ഥിതിസൗഹൃദ പരമായ ജൈവകൃഷി രീതികൾ സ്വീകരിക്കാൻ കർഷകരെ പ്രേരിപ്പിക്കാൻ കഴിയുമോ എന്നതും പരിശോധിക്കേണ്ടതാണ്.

ബന്ധപ്പെടുക: സഞ്ചിത് ദുമൽ, സത്താറ മുനിസിപ്പൽ ആരോഗ്യവിഭാഗം തലവൻ.
(സത്താറ ജില്ലാകളക്ടറുടെ കാര്യാലയം 02162232175)

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

ഫോട്ടോ: നവദർശനം

(ഇടത്ത്) നവദർശനം പ്രവർത്തകർ (വലത്ത്) നവദർശനം ജൈവകൃഷിപ്പാടം

നവദർശനം: സാമൂഹിക പിന്തുണയോടെ കൃഷി

തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ 1990ൽ ആരംഭിച്ച പൊതുസമൂഹ പ്രസ്ഥാനമാണ് നവദർശനം http://navadarshanam.org. ബംഗളൂരുവിൽ നിന്ന് ഏതാണ്ട് 50 കിലോമിറ്റർ അകലെയാണ് സംരക്ഷിതവനത്തിനകത്തുള്ള ഈ ഗ്രാമം. ആധുനിക ജീവിതരീതികളിലും സമീപനങ്ങളിലും അടിസ്ഥാനപരമായ മാറ്റങ്ങളെയാണ് അവർ ലക്ഷ്യമിടുന്നത്. പാരിസ്ഥിതികമായ നിലനില്പും മാനവികമായ സമാധാനവുമാണ് അവരുടെ ലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിലും ജൈവസമൂഹങ്ങളുടെ പുനരുജ്ജീവനത്തിലും സംഘടന പ്രവർത്തിക്കുന്നു. ബദൽ ഊർജസംവിധാനങ്ങൾ, ജൈവകൃഷി രീതികൾ, ജലസംരക്ഷണം, ആരോഗ്യ പരിപാലനത്തിനുള്ള ജൈവമാർഗങ്ങൾ, ആരോഗ്യപ്രദവും പരമ്പരാഗതവുമായ ഭക്ഷ്യരീതികളുടെ പ്രോത്സാഹനം തുടങ്ങിയവയും അവരുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു

ഭക്ഷ്യരംഗത്തു പ്രവർത്തിക്കുന്ന ഒരു പ്രാദേശിക സ്വയംസഹായ ഗ്രൂപ്പിന് സമീപ ഗ്രാമങ്ങളിൽ അവർ നേതൃത്വം നൽകുന്നു. ബംഗളൂരുവിലെയും മറ്റു ചില പ്രദേശങ്ങളിലെയും നഗരവാസി ഉപഭോക്താക്കൾക്ക് മികച്ചതും പോഷകവുമായ ഭക്ഷ്യവിഭവങ്ങൾ എത്തിച്ചുകൊടുക്കുകയാണു സംഘം ചെയ്യുന്നത്. അത് ഗ്രാമീണർക്കു തൊഴിൽ നൽകുകയും പരമ്പരാഗത കഴിവുകളും പരിസ്ഥിതിയും സംരക്ഷിക്കുകയും ചെയ്യുന്നു. 2017ൽ അവർ കമ്മ്യൂണിറ്റി സഹായത്തോടെ കൃഷി പ്രോത്സാഹിപ്പിക്കുന്ന സംരംഭം ആരംഭിച്ചു.

നഗരത്തിലെ ഉപഭോക്താക്കളിൽ നിന്നു മുൻകൂട്ടിയുള്ള ഓർഡറുകളുടെ അടിസ്ഥാനത്തിൽ കർഷകർ തങ്ങളുടെ കൃഷിപ്പണികൾ നേരത്തെ ആസൂത്രണം ചെയ്യുന്നു. പ്രകൃതിസൗഹൃദ രീതിയിൽ പായ്ക്ക് ചെയ്ത പഴങ്ങളും പച്ചക്കറിയും മറ്റുവിഭവങ്ങളും ഓരോ ആഴ്ചയും നഗരത്തിലെ ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കും. വരുമാനം കർഷകരായ പങ്കാളികൾക്കിടയിൽ വീതിക്കുന്നു. സംഘം നൽകുന്ന നിർദേശങ്ങൾ അനുസരിച്ചു വിഭവങ്ങൾ തയ്യാറാക്കുന്ന കർഷകർക്ക് കൃഷിയിടങ്ങളിൽ നിന്നും നേരത്തെ

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

ലഭിച്ചുവന്നതിന്റെ പത്തിരട്ടി മുതൽ 20 ഇരട്ടി വരെ വരുമാന വർധനയുണ്ടായിട്ടുണ്ട്.

തമിഴ്നാട് അതിർത്തിക്കുള്ളിലാണ് ഗ്രാമം എന്നതിനാൽ അയൽസംസ്ഥാനത്തെ നഗരങ്ങളിൽ വിഭവങ്ങൾ എത്തിക്കുന്നതിനു കോവിഡ് ലോക്ക്ഡൗൺ കാലത്തു പ്രശ്നങ്ങളുണ്ടായി. എന്നിരുന്നാലും വിതരണം തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടുപോകാൻ സംഘത്തിനു കഴിഞ്ഞു . ഉത്പന്നം എത്തിക്കാൻ സാധിച്ചിരുന്നില്ലെങ്കിൽ കർഷകർ വലിയ പ്രയാസങ്ങൾ നേരിടേണ്ടി വരുമായിരുന്നു. ബംഗളുരുവിലെ റെഡ് സോൺ പ്രദേശങ്ങളിൽപോലും പ്രയാസങ്ങൾ നേരിട്ട് ഒന്നാന്തരം ഗ്രാമീണ വിഭവങ്ങൾ എത്തിച്ച സംഘത്തിന്റെ പ്രവർത്തകരോട് നഗരവാസികൾ നന്ദിയുള്ളവരാണ്. തുറന്ന പ്രദേശങ്ങളിലെ വികേന്ദ്രീകൃത വിതരണകേന്ദ്രങ്ങൾ സാമൂഹികഅകലം പാലിച്ചു ഉത്പന്നങ്ങൾ വിതരണം ചെയ്യാൻ അവരെ സഹായിക്കുന്നു.

പാഠങ്ങൾ:

മുൻ ഉദാഹരണങ്ങളിൽ കണ്ട പാഠങ്ങൾക്കു പുറമെ, കടുത്ത നിയന്ത്രണങ്ങളുടെ അന്തരീക്ഷത്തിൽ പോലും ഗ്രാമനഗര ബന്ധങ്ങൾ നിലനിർത്താനും ജനജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കാനും ഇത്തരം മുന്നേറ്റങ്ങൾ വഴി സാധ്യമാണ്.

ബന്ധപ്പെടുക: ഗോപി ശങ്കരസുബ്രമണി navadarshanam@gmail.com

ഫോട്ടോ: നവദർശനം

നവദർശനം സഹകരണ സംഘത്തിലെ അംഗങ്ങൾ

പ്രശ്നം : കർഷകർക്ക് വിപണന സൗകര്യക്കുറവ്; നഗരങ്ങളിൽ മോശവും അപര്യാപ്തവുമായ ഭക്ഷ്യലഭ്യത

പരിഹാരം : കർഷകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപെടലുകൾ

കർഷകരുടെ വിപണന പ്രശ്നങ്ങളും നഗരങ്ങളിലെ ഭക്ഷ്യലഭ്യതയുടെ പ്രശ്നങ്ങളും: ചില നിർദേശങ്ങൾ

- വികേന്ദ്രീകൃതരീതിയിൽ പ്രാദേശിക ഉല്പാദകരുടെ പങ്കാളിത്തമുള്ള കമ്പോളങ്ങൾ വികസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക. ഉത്പാദകരായ കർഷകർക്കും ഉപഭോക്താക്കൾക്കും കമ്പോളങ്ങളിൽ നേരിട്ടു ഇടപെടാൻ അവസരമൊരുക്കണം. ഇത് വ്യത്യസ്ത ഗ്രാമങ്ങൾ തമ്മിലോ ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിലോ ആവാം.

- ചന്തകളിൽ ജൈവകൃഷി ഉത്പന്നങ്ങൾക്കും ചെറുകിട/കരകൗശല വിഭാഗക്കാരുടെ ഉത്പന്നങ്ങൾക്കും പ്രോത്സാഹനം നൽകുക. വൻകിട ഉല്പാദകർക്കു ചന്തയിൽ പ്രവേശനം നൽകുകയാണെങ്കിൽ അവര് കാര്യങ്ങൾ നിയന്ത്രണത്തിലാക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക..

- കോർപറേറ്റ് കമ്പനികളെ ഇത്തരം കമ്പോളങ്ങളിൽ നിന്ന് അകറ്റി നിർത്തുക.

- ഉത്പന്നങ്ങളുടെ വില മിതവും ന്യായവുമായി നിശ്ചയിക്കുന്നതിന് ബന്ധപ്പെട്ട വിവരങ്ങൾ ഉത്പാദകഉപഭോക്തൃവിഭാഗങ്ങൾക്കിടയിൽ ലഭ്യമാക്കുക. ആവശ്യമായ സന്ദർഭങ്ങളിൽ ഇരുവിഭാഗത്തെയും കൂട്ടിയോജിപ്പിച്ചു സുതാര്യമായ കൂടിയാലോചനയിലൂടെ വില നിശ്ചയിക്കുക.

- ദരിദ്രകുടുംബങ്ങൾക്ക് ജൈവ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് സബ്സിഡി അനുവദിക്കുക. പാവങ്ങൾക്കു കൂടി ജൈവഉത്പന്നങ്ങൾ പ്രാപ്യമാക്കുന്നതിനു കർഷകരെ സഹായിക്കാൻ ഉപഭോക്തൃസംഘങ്ങളും മറ്റും നിക്ഷേപം നടത്തുക. ഉദാഹരണത്തിന്, കമ്പോളത്തിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സാധനങ്ങൾ കൊണ്ടുവരുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ കർഷകർക്കു ലഭ്യമാക്കുക; പൊതുവിതരണ സംവിധാനത്തിൽ അവർക്കായി പ്രത്യേക സൗകര്യങ്ങൾ നൽകുക.

- കരകൗശലവസ്തുക്കൾക്കും കൈകൊണ്ടു നിർമിച്ച ഉത്പന്നങ്ങൾക്കും കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ സഹായിക്കുന്നതിന്അവയുടെ മേലുള്ള ജിഎസ്ടി പോലുള്ള നികുതികൾ ഒഴിവാക്കുക.

- നഗരവാസികളായ ഉപഭോക്താക്കളെ ഗ്രാമങ്ങളിലെ ഉല്പാദകരുടെ കൃഷിക്കളങ്ങളും പണിശാലകളും സന്ദർശിക്കാനും അവയുടെ പ്രവർത്തനങ്ങളിൽ നേരിട്ടു പങ്കാളികളാകാനും അവസരമൊരുക്കുക. ഗ്രാമീണ ഉല്പാദനപ്രക്രിയയിൽ നേരിട്ടു ബന്ധപ്പെടാൻ അവരെ പ്രോത്സാഹിപ്പിക്കുക. വെറും ഉപഭോക്താക്കളിൽ നിന്ന് ഉല്പാദന പ്രക്രിയയിലെ പങ്കാളികളായി അവരെ പരിവർത്തിപ്പിക്കുക .

പരിഹാരം 01 — **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 — **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

ഉദാഹരണം 1 | ഉദാഹരണം 2 | ഉദാഹരണം 3 | ഉദാഹരണം 4

ഫോട്ടോ: സൃഷ്ടി ബാജ്പേയ്

ഫോട്ടോ: ഫോട്ടോ: ജാദുറാം ഹലാമി ഒപ്പം ഇജാംസെയ്ൻ കാറ്റെംഗെ

(ഇടത്ത്) മഹാഗ്രാമ സഭായോഗം (വലത്ത്) സൽഹെ ഗ്രാമസഭ വക സഹായസാമഗ്രികളുമായി ഗ്രാമീണർ

വനവിഭവങ്ങൾ വഴിയുള്ള ഉപജീവനം, കോർച്ചി , മഹാരാഷ്ട്ര

മഹാരാഷ്ട്രയിലെ ഗാഡ്ചിറോളി പ്രദേശത്തെ 90 ഗ്രാമസഭകൾ കൂടിച്ചേർന്നു 2016ൽ മഹാ ഗ്രാംസഭ (എംജിഎസ്) http://in.boell.org/en/2019/12/19/mining-conflict-and-transformative-alternatives-korchi എന്ന പേരിൽ ഒരു ഫെഡറേഷനു രൂപം നൽകി . പ്രദേശത്തു ഖനന പ്രവർത്തനങ്ങൾ കാരണം ഉപജീവനം പ്രയാസത്തിലായ സന്ദർഭത്തിലാണ് അവരതിനു തയ്യാറായത്. ഖനനത്തെ ചെറുക്കുകയും ബദൽ ഉപജീവന മാർഗങ്ങൾ കണ്ടെത്തുകയുമായിരുന്നു സംഘടനയുടെ ഉദ്ദേശ്യം. പ്രാദേശികസമൂഹത്തിൽ നേരിട്ടുള്ള ജനാധിപത്യപ്രക്രിയകൾ നടപ്പിൽ വരുത്താൻ ഫെഡറേഷൻ നീക്കങ്ങൾ നടത്തി. പ്രാദേശിക ഉല്പാദനോപാധികളിലുള്ള സമൂഹനിയന്ത്രണം, പരിസ്ഥിതി സന്തുലിതാവസ്ഥ കൈവരിക്കാൻ ജൈവവൈവിധ്യ സംരക്ഷണം, സാംസ്ക്കാരിക തനിമ നിലനിർത്താനുള്ള ശ്രമങ്ങൾ, സാമൂഹിക ബന്ധങ്ങളിൽപ്രത്യേകിച്ചു സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളിൽശക്തമായ നടപടികൾ തുടങ്ങിയ കാര്യങ്ങളിലാണ് അവർ ശ്രദ്ധിച്ചത്. നിലവിലുള്ള വികസന സമീപനത്തെയാണ് ആദിവാസികൾ ചോദ്യം ചെയ്തത്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലും പൊതുസമൂഹ മാനദണ്ഡങ്ങളെ അവർ തിരസ്കരിച്ചു.

വനാവകാശ നിയമം, 2006, പെസ നിയമം (പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫ് ഷെഡ്യൂൾഡ് ഏരിയാസ് ആക്ട്) 1996 എന്നിവയുടെ സഹായത്തോടെ 86 ഗ്രാമസഭകൾ തങ്ങളുടെ പ്രദേശത്തെ വനങ്ങളിലെ വിഭവങ്ങൾ ഉപയോഗിക്കാനും അവ സംരക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള നിയമപരമായ അവകാശം നേടിയിരുന്നു. വനങ്ങളുടെ ഉടമാവകാശം സർക്കാരിൽ നിക്ഷിപ്തമായ പഴയ രീതിയിൽ നിന്നുള്ള വലിയമാറ്റമാണ് പ്രസ്തുത നിയമങ്ങൾ കൊണ്ടുവന്നത്. അതോടെ വനങ്ങളിലെ മരത്തടി ഒഴികെയുള്ള വിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം ആദിവാസികുടുംബങ്ങൾക്ക് കിട്ടി. അത് അവരുടെ വരുമാനം കാര്യമായി വർധിപ്പിച്ചു. വനങ്ങളുടെ സംരക്ഷണവും അതിലെ വിഭവങ്ങളുടെ ഉപയോഗനിയന്ത്രണവും ആദിവാസിസമൂഹത്തിന്റെ ചുമതലയായി. അതിന്റെ ഭാഗമായി ഗ്രാമതല ഫണ്ട് സംഭരിക്കാനും ഗ്രാമസഭകൾക്കു കഴിഞ്ഞു. വിവിധ സാമൂഹിക ആവശ്യങ്ങൾക്ക് ഈ ഫണ്ട് അവർ ഉപയോഗിക്കുന്നു. കുടുംബങ്ങൾക്കു ആരോഗ്യവിദ്യാഭ്യാസ ആവശ്യങ്ങൾക്കും വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രശ്നങ്ങൾ നേരിടാ

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

നും അതവരെ സഹായിക്കുന്നു. കൂടുതൽ സമ്പന്നമായ ഗ്രാമസഭകൾ അയൽസഭകളെ സാമ്പത്തികമായി സഹായിക്കുന്നുമുണ്ട്.

കോവിഡ് പ്രതിസന്ധി കാലത്തു വനവിഭവങ്ങൾ സംഭരിച്ചു ധനശേഖരണം നടത്താൻ കഴിഞ്ഞത് ആദിവാസി ഗ്രാമസഭകൾക്ക് വളരെ ഗുണം ചെയ്തു. കുക്കഡേൽ https://thebastion.co.in/politisc and/otu of the woosd how the frasi helping a village in maharashtra-during the covid-crisis, സൽഹെ, ഗഹനഘട്ട, ശങ്കർഗോണ്ടി തുടങ്ങിയ ഗ്രാമങ്ങളിൽ സൗജന്യ റേഷൻകിറ്റുകൾ വിതരണം ചെയ്തു. ഭൂരഹിത കുടുംബങ്ങൾ, വിധവകൾ, രോഗികൾ, ശാരീരിക അവശതകളുള്ളവർ, പ്രവാസിതൊഴിലാളി കുടുംബങ്ങൾ തുടങ്ങിയവർക്കാണ് സഹായം നൽകിയത്.

പാഠങ്ങൾ:

പ്രകൃതിയിലും പ്രകൃതിവിഭവങ്ങളിലും സമൂഹനിയന്ത്രണം, പ്രാദേശികശേഷി വികസനം, നേരിട്ടുള്ള ജനാധിപത്യ ഇടപെടലുകൾ എന്നിവ വഴി സമൂഹങ്ങളുടെ അതിജീവനശേഷി വർധിപ്പിക്കാനും പരിസ്ഥിതി സംരക്ഷണം സാധ്യമാക്കാനും സാധിക്കുന്നു. സാമ്പത്തിക, രാഷ്ട്രീയ അധികാരം ഭരണകൂടത്തിലും വൻകിട കമ്പനികളിലും കേന്ദ്രീകൃതമായ ഇന്ത്യയിലെ പൊതു അവസ്ഥയിൽ നിന്ന് വ്യത്യസ്തമായ അനുഭവമാണിത്. രാജ്യത്തെ നിലവിലുള്ള വ്യവസ്ഥയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വേണമെന്ന് അനുഭവങ്ങൾചൂണ്ടിക്കാണിക്കുന്നു.

ബന്ധപ്പെടുക: സിയാറാം ഹലാമി, 9420145861

പരിഹാരം 01 — പ്രശ്നം : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 — പരിഹാരം : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

ഫോട്ടോ: മഞ്ജരി അശോക്

(ഇടത്ത്) കുടുംബശ്രീ അംഗങ്ങൾ തിരുവനന്തപുരം; മുഖാവരണ നിർമാണം; (മധ്യത്തിൽ) സപ്ലൈകോക്കുവേണ്ടി കിറ്റുകൾ തയാറാക്കുന്നു; (വലത്ത്) ആലപ്പുഴ മണ്ണഞ്ചേരിയിൽ ഭക്ഷ്യ വിഭവങ്ങൾ തയ്യാറാക്കുന്നു

കുടുംബശ്രീ, കേരളം

കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന പദ്ധതിയുടെ ഭാഗമായാണ് 1998ൽ കുടുംബശ്രീക്കു രൂപം കൊടുക്കുന്നത്. കേരളത്തിലെ അയൽക്കൂട്ടങ്ങളിലെ സ്ത്രീകളുടെ സാമൂഹിക സംരംഭമാണിത്. നഗരഗ്രാമ പ്രദേശങ്ങളിലെ സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുകയാണ് അതിന്റെ ലക്ഷ്യം. ഗ്രാമത്തിലെയും മുനിസിപ്പാലിറ്റിയിലെയും എല്ലാ സ്ത്രീകളെയും അതുമായി ബന്ധപ്പെടുത്തണമെന്നും പ്രാദേശികമായ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നുമാണ് കുടുംബശ്രീയുടെ ഊന്നൽ. സർക്കാരിന്റെ എല്ലാ ക്ഷേമപ്രവർത്തനങ്ങളിലും സാമൂഹിക ഇടപെടലിന് കുടുംബശ്രീയെയാണ് ഉപയോഗിക്കുന്നത്. അതിനാൽ പ്രാദേശിക സ്വയംഭരണത്തിന്റെ പ്രധാന തൂണുകളിലൊന്ന് കുടുംബശ്രീയാണ്. ഭക്ഷ്യസുരക്ഷ, ആരോഗ്യ ഇൻഷുറൻസ്, ഭവനനിർമാണവും ചെറുകിടസംരംഭങ്ങളും, ദേശീയ തൊഴിലുറപ്പു പദ്ധതി, ജാഗ്രതാ സമിതി തുടങ്ങിയ സർക്കാർ പ്രവർത്തനങ്ങളിലെല്ലാം കുടുംബശ്രീക്കു പങ്കാളിത്തമുണ്ട് http://www.kudumbashree.org/pages/7. വിവിധതരം ഉല്പാദനസംരംഭങ്ങളിലും അത് ഇടപെടുന്നുണ്ട്. വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ, കാർഷിക ഉത്പന്നങ്ങൾ, കരകൗശല ഇനങ്ങൾ എന്നിവയിലെല്ലാം അതിനു പങ്കാളിത്തമുണ്ട്. അതിലൂടെ ലക്ഷക്കണക്കിനു സ്ത്രീകൾക്കാണ് തങ്ങളുടെ സ്വന്തം പരിസരത്തു സാമ്പത്തിക സുരക്ഷിതത്വം കുടുംബശ്രീ ഉറപ്പാക്കുന്നത്.

കോവിഡ് ദുരിതകാലത്തു സർക്കാരിന്റെ ആശ്വാസ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിൽ കുടുംബശ്രീ വലിയ പങ്കുവഹിച്ചു. പ്രാദേശിക ഭരണസംവിധാനവുമായി സഹകരിച്ചു വിവിധപ്രദേശങ്ങളിൽ സമൂഹ അടുക്കളകൾ സ്ഥാപിച്ചതു കുടുംബശ്രീയുടെ സഹകരണത്തോടെയാണ്. ഭക്ഷണം ലഭിക്കാൻ പ്രയാസപ്പെടുന്നവർക്കും ഹോം ക്വാറന്റൈനിൽ കഴിയുന്നവർക്കും അവിടെ നിന്നാണ് ഭക്ഷണം എത്തിച്ചുകൊടുത്തത്. കോവിഡ് ഭീഷണി സംബന്ധിച്ച വിവരങ്ങളും സർക്കാർ നിർദേശങ്ങളും സാധാരണ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിൽ കുടുംബശ്രീ അംഗങ്ങൾ മുന്നിട്ടുനിന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

ഹെൽപ്പ്ലൈനുകൾ വഴി വിവിധവിഭാഗം ആളുകളെ ഔദ്യോഗിക സംവിധാനവുമായി ബന്ധപ്പെടുത്തുന്നതിലും അവരുടെ പങ്കാളിത്തമുണ്ടായി. മുന്നൂറ് ടൈലറിങ് യൂണിറ്റുകൾ വഴി തയ്യാറാക്കിയ 20 ലക്ഷം കോട്ടൺ മുഖാവരണങ്ങൾ കുടുംബശ്രീ പ്രവർത്തകർ വില്പന നടത്തി. കൂടാതെ 21 മൈക്രോ യൂണിറ്റുകളിലായി 5000 ലിറ്റർ സാനിറ്റൈസറുകൾ തയ്യാറാക്കി വില്പന നടത്തി. മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവരുടെ ആവശ്യത്തിനായി ഫേസ്ഷീൽഡുകളും കുടുംബശ്രീ നിർമിക്കുന്നുണ്ട്.

പാഠങ്ങൾ:

പ്രാദേശിക സ്വയംഭരണവും സ്ത്രീകളുടെയും മറ്റു പാർശ്വവത്കൃത സമൂഹങ്ങളുടെയും ശാക്തീകരണവും സാമൂഹിക നേതൃത്വത്തിലുള്ള ഇടപെടലുകളും ക്ഷേമരംഗത്തു വൻമുന്നേറ്റങ്ങൾക്ക് സഹായകമാണ്. ദുരന്തങ്ങളുടെ അവസരത്തിൽ കേന്ദ്രീകൃത സംവിധാനങ്ങളും ഭരണരീതിയും നിഷേധഫലമാണ് ഉണ്ടാക്കുക. കോവിഡ് അനുഭവം ചൂണ്ടിക്കാട്ടുന്നത് അതാണ്. വെല്ലുവിളികളെ നേരിടുന്നതിന് ഓരോ സംസ്ഥാനവും തങ്ങളുടേതായ സാഹചര്യങ്ങൾക്കനുസരിച്ചു നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതാണ് ഉത്തമം. സ്വയംപര്യാപ്തിയാണ് അതിനു വേണ്ടത് . അധികാരവികേന്ദ്രീകരണവും സാമൂഹിക ശാക്തീകരണവും എത്രമാത്രം ആഴത്തിലുള്ളതാണോ അത്രയും മെച്ചമായിരിക്കും പ്രതിസന്ധികളിൽ ഇടപെടാനുള്ള സമൂഹത്തിന്റെ ശേഷിയും.

ബന്ധപ്പെടുക:

ed@kudumbashree.org, 04712554717

ഫോട്ടോ: മഞ്ജരി അശോക്

ഭക്ഷ്യവിതരണം പത്തനംതിട്ടയിൽ; മുഖാവരണ നിർമാണം പത്തനംതിട്ട; സാനിറ്റൈസർ നിർമാണം കോഴിക്കോട്ട്; സഞ്ചരിക്കുന്ന കുടുംബശ്രീ കട, ആലപ്പുഴ.

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

ഫോട്ടോ: സമാജ് പ്രഗതി സഹയോഗ്

(ഇടത്ത്) മൺചിറ നിർമാണം, (വലത്ത്) സേവനപന്തിയിൽ നിർമിച്ച ജലസംരക്ഷണ പദ്ധതി

മധ്യേന്ത്യയിലെ ജലസംരക്ഷണ, ഉപജീവന വികസന സംരംഭങ്ങൾ

മധ്യപ്രദേശിലെ ദേവസ് ആസ്ഥാനമായ സമാജ് പ്രഗതി സഹയോഗ് (എസ്പിഎസ്) ഇന്ത്യയിലെ ഏറ്റവും വലിയ പൊതുസമൂഹ സംരംഭങ്ങളിലൊന്നാണ്. മധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ 72 ജില്ലകളിലായി പത്തുലക്ഷം ഏക്കർ ഭൂമിയിൽ സംഘടന കൃഷി നടത്തുന്നു. അംഗസംഘടനകളിലൂടെയാണ് അവർ പ്രവർത്തിക്കുന്നത്. http://www.samajpragatisahayog.org/ മൂന്ന്പതിറ്റാണ്ടായി ആദിവാസി സമൂഹങ്ങളിലാണ് അവർ പ്രവർത്തിച്ചത്. കൃഷിക്കും മറ്റു ഉപജീവനമാർഗങ്ങൾക്കും ജലത്തിന്റെ മിതമായ ഉപഭോഗം അനിവാര്യമാണെന്ന് അവർ കരുതുന്നു. തുല്യത, ശാക്തീകരണം, വിഭവങ്ങളുടെ മിതോപയോഗം, അരികുകളിലുള്ളവർക്കു വിശേഷിച്ചുസ്ത്രീകൾക്ക് മുൻഗണന എന്നിവയാണ് അടിസ്ഥാന തത്വങ്ങൾ.

ഏതാണ്ട് 120 ഗ്രാമങ്ങളിൽ ജലസുരക്ഷാ പ്രവർത്തനങ്ങൾ വഴി ജലം ലഭ്യമാക്കാനും കാർഷിക ഉല്പാദനത്തിൽ കുതിപ്പുണ്ടാക്കാനും അവർക്കു കഴിഞ്ഞു . അതിന്റെ ഫലമായി ഗ്രാമങ്ങളിൽ നിന്നു തൊഴിൽ തേടിയുള്ള ഒഴിച്ചുപോക്കിൽ 80 ശതമാനം വരെ കുറവു വരുത്താനും സാധ്യമായി. കൃഷിയും മൃഗസംരക്ഷണവും പോലുള്ള ജീവനമാർഗങ്ങൾ ഫലപ്രദമായി 120 ഗ്രാമങ്ങളിൽ വികസിപ്പിച്ചിട്ടുണ്ട്. ഇവിടെ 9000 ഹെക്ടർ സ്ഥലത്തു രാസവളങ്ങൾ ഉപയോഗിക്കാതെ ജൈവരീതിയിലാണ് കൃഷി നടക്കുന്നത്. ഗ്രാമങ്ങളിൽ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. 2018ലെ കണക്കുപ്രകാരം 500 ഗ്രാമങ്ങളിലും 15 പട്ടണങ്ങളിലും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. റാം റഹീം ഉത്പാദകസംഘം 4800 വനിതകളും 300 സ്വയം സഹായസംഘങ്ങളും അംഗങ്ങളായി നിലവിലുണ്ട്. ആരോഗ്യവും പോഷണമൂല്യമുള്ള ഭക്ഷണവും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നു.

വിദ്യാഭ്യാസ പ്രോത്സാഹനത്തിന് ബാബ ആംതെ സെന്റർ ഫോർ പീപ്പിൾസ് എംപവർമെൻറ് എന്ന സന്നദ്ധസംഘടന വഴിയും പ്രവർത്തിക്കുന്നു.

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

കോവിഡ് അടച്ചിടൽ കാലത്തു മധ്യപ്രദേശിലെ ദേവസ്, ഖാർഗോൺ ജില്ലകളിലെ 13,000 കുടുംബങ്ങൾക്ക് സംഘടന സഹായമെത്തിച്ചു. അർഹമായ കുടുംബങ്ങളെ കണ്ടെത്തി സഹായവിതരണം നടത്തുന്നതിന് ഗ്രാമങ്ങളിലെ സ്വയംസഹായസംഘ പ്രവർത്തകരെയാണ് ആശ്രയിച്ചത്. ശ്രദ്ധേയമായ കാര്യം, ഇങ്ങനെ വിതരണം ചെയ്ത ഗോതമ്പ് പ്രാദേശികതലത്തിൽ തന്നെ ഉല്പാദിപ്പിച്ചതാണ്. തങ്ങളുടെ ഉത്പാദക കമ്പനി വഴി ആയിരക്കണക്കിനു പ്രാദേശിക കർഷകരിൽ നിന്നാണ് സംഘം ഗോതമ്പ് ശേഖരിച്ചത്. അടച്ചിടൽ കാരണം വില്പന നടക്കാതെ കിട്ടിയ വില്യ്ക്കു വിറ്റഴിക്കേണ്ട സ്ഥിതിയിൽനിന്നും അങ്ങനെ കർഷകർ മോചിതരായി. മൊത്തം 38 ലക്ഷം രൂപ വിലമതിക്കുന്ന 118.40 ടൺ ആട്ടയാണ് സംഘം ഗ്രാമങ്ങളിൽ വിതരണം ചെയ്തത്. അങ്ങനെ ഒരേസമയം മൂന്ന് കാര്യങ്ങളാണ് അവർക്കു സാധിച്ചത്. മെച്ചമായ വിലയ്ക്ക് കർഷകരിൽ നിന്നു ഗോതമ്പ് ഏറ്റെടുത്തു; ആട്ടയുടെ വില്പന വഴി സംഘത്തിലെ അംഗങ്ങൾക്കു വരുമാനം; വിഷമിക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യമായി ഭക്ഷ്യവിഭവങ്ങളുടെ വിതരണം.

അടുത്ത പടിയായി പ്രാദേശിക ജീവനസൗകര്യങ്ങൾ മെച്ചപ്പടുത്തുന്ന പുതിയ മാർഗങ്ങൾ വികസിപ്പിക്കാൻ സംഘം ശ്രമിക്കുന്നു.

പാഠങ്ങൾ:

സ്വയംസഹായസംഘങ്ങളിലൂടെ പാർശ്വവത്കൃത വിഭാഗങ്ങളുടെ പ്രത്യേകിച്ചും സ്ത്രീകളുടെ ശാക്തീകരണം പ്രായോഗികമാണ്. ഗ്രാമീണ സമ്പദ്ഘടനയുടെ പുനരുജ്ജീവനം വഴി നഗരങ്ങളിലേക്ക് തൊഴിൽ തേടിയുള്ള ഒഴിച്ചുപോക്ക് തടയാനാവും. ദുരന്തകാലങ്ങളിൽ സ്വന്തം കാലിൽ നിൽക്കാൻ ഇത്തരം സംരംഭങ്ങൾ ഗ്രാമീണരെ പ്രാപ്തരാക്കുന്നു. സർക്കാർവക ആശ്വസ വിതരണത്തിനായി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാകുന്നു.

ബന്ധപ്പെടുക: മിഹിർഷാ, mihirbhai25@gmail.com

ഫോട്ടോ: സമാജ് പ്രഗതി സഹയോഗ്

(ഇടത്ത്) സമാജ് പ്രഗതി സഹയോഗ് വക സഹായവിതരണം (വലത്ത്) സ്വയംസഹായ സംഘം ജനറൽ ബോഡി യോഗം

പരിഹാരം 01 — **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 — **പരിഹാരം** : പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം

ഫോട്ടോ: ഖോജ്

(ഇടത്ത്) മഹാരാഷ്ട്രയിലെ രാഹു ഗ്രാമസഭാ യോഗം (വലത്ത്) ഗ്രാമത്തിലെ മുള സംഭരണ കേന്ദ്രം

വനങ്ങളിൽ അവകാശം നേടിയ മഹാരാഷ്ട്രയിലെ മേൽഘട് പ്രദേശത്തെ ആദിവാസികൾ

മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിലെ മേൽഘട് പ്രദേശത്തെ പൈവിഹിർ അടക്കമുള്ള ഏതാനും ഗ്രാമങ്ങളിലെ ആദിവാസികൾ 2006ലെ ആദിവാസി വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രദേശത്തെ വനങ്ങളിൽ സാമൂഹിക നിയന്ത്രണാവകാശം സ്ഥാപിച്ച ശേഷം വനങ്ങളുടെ സംരക്ഷണത്തിനും മണ്ണൊലിപ്പുണ്ടായ പ്രദേശങ്ങളിൽ വനവത്കരണത്തിനും വേണ്ടി പ്രവർത്തിക്കുകയാണ്. ഗ്രാമവാസികളുടെ വരുമാനം വർധിപ്പിക്കുന്നതിനായി ദേശീയ തൊഴിലുറപ്പു പദ്ധതി പോലുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് അവരുടെ ഗ്രാമസഭകൾ സർക്കാരുമായും പൊതുസമൂഹ പ്രസ്ഥാനങ്ങളുമായും ചേർന്നു പ്രവർത്തിക്കുന്നു. അതേപോലെ പാലുത്പാദനം, മൽസ്യബന്ധനം, ജൈവകൃഷി തുടങ്ങിയ രംഗങ്ങളിലും ഇപ്പോൾ ആദിവാസികൾ പ്രവേശിച്ചിട്ടുണ്ട്. കുളങ്ങളിലെ മണ്ണ് നീക്കം ചെയ്തു അവ കൃഷിക്കളങ്ങളിൽ ഉപയോഗിക്കുന്നു. അതിന്റെ ഫലമായി മണ്ണിന്റെ ഫലദായക ശേഷി രണ്ടും മൂന്നും ഇരട്ടി വർധിച്ചു. മെച്ചപ്പെട്ട വനസംരക്ഷണം വന്യജീവികളുടെ എണ്ണത്തിലും വർധനയുണ്ടാക്കി.

കോവിഡ് പൊട്ടിപ്പുറപ്പെട്ട ഉടനെ പൈവിഹിർ ഗ്രാമക്കാർ തങ്ങളുടെ ഗ്രാമത്തിലേക്കുള്ള പാതകൾ അടച്ചു. വീടുകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ആഴ്ചയില് ഒരു തവണ എത്തിക്കാൻ ഏർപ്പാടുണ്ടാക്കി. കൃഷിപ്പണിക്കാരെ കൃത്യസമയത്തു കിട്ടുന്ന കാര്യവും ഗ്രാമസഭ ഉറപ്പാക്കി. പുറത്തു നിന്നുള്ള പണിക്കാരെ ആശ്രയിക്കുന്നതിനു പകരം ഗ്രാമവാസികൾ തങ്ങളുടെ സമയം കൃഷി, വനസംരക്ഷണം തുടങ്ങിയ പൊതു ആവശ്യത്തിനു കൂടി ഉപയോഗപ്പെടുത്തി. അതിനാൽ ലോക്ഡൗണിലും കൃഷിപ്പണിയും വനത്തിനകത്തെ പണികളും തടസമില്ലാതെ നടന്നു. സ്വയംസഹായ സംഘങ്ങളിലെ സ്ത്രീകൾ മുഖാവരണ നിർമാണം ഏറ്റെടുത്തു. പൊതുവിതരണ സംവിധാനത്തിൽ നിന്നുള്ള ഭക്ഷ്യവിഭവങ്ങളും മറ്റും എല്ലാവീട്ടിലും എത്തിക്കുന്ന ചുമതല മറ്റു ചിലരും ഏറ്റെടുത്തു. ഗ്രാമത്തിലേക്കുള്ള വരവും പോക്കും കൃത്യമായി രേഖപ്പെടുത്താൻ സംവിധാനമുണ്ടാക്കി.

പരിഹാരം 01 **പ്രശ്നം** : **ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും**

പരിഹാരം 02 **പരിഹാരം** : **പ്രാദേശിക ഭരണസംവിധാനത്തിലൂടെ ജീവനസൗകര്യ വികസനം**

പ്രദേശത്തെ മറ്റൊരു ഗ്രാമമായ രാഹുവിൽ ആദിവാസികൾ കോവിഡ് പ്രശ്നങ്ങളെ മെച്ചമായ രീതിയിലാണ് നേരിട്ടത്. വനവിഭവങ്ങൾ വിറ്റഴിച്ച വകയിൽ കിട്ടിയ ധനം ആ അവസരത്തിൽ ഗ്രാമത്തിലെ കുടുംബങ്ങൾക്കിടയിൽ വീതിക്കാൻ കഴിഞ്ഞു. ഒരു കുടുംബത്തിന് 10,000 രൂപ വീതമാണ് കിട്ടിയത് . വനത്തിൽ നിന്ന് മുളയും ബീഡിക്കായി ഉപയോഗുന്ന ടെൻഡു ഇലകളും സംഭരിച്ചാണ് അവർ നേട്ടമുണ്ടാക്കിയത്. ആദിവാസി വനാവകാശ നിയമപ്രകാരം വനവിഭവങ്ങൾ ശേഖരിക്കാൻ അഞ്ചുവർഷമായി അവർക്കു അനുവാദമുണ്ട്. ആ വകയിൽ ഇതിനകം മൂന്നു കോടി രൂപ ഗ്രാമവാസികൾക്കു ലഭിക്കുകയും ചെയ്തു. വരുമാനത്തിന്റെ ഒരു പങ്കു ഗ്രാമസഭയുടെ തീരുമാനമനുസരിച്ചു പ്രാദേശിക വികസനത്തിനായി വിനിയോഗിക്കുന്നു. അതേപോലെ വനങ്ങളുടെ സംരക്ഷണം, കാട്ടുതീ തടയൽ തുടങ്ങിയ കാര്യങ്ങൾക്കും അവർ പണം നീക്കിവെക്കുന്നു.

കോവിഡ് വന്നപ്പോൾ രാഹു നിവാസികളും ഗ്രാമത്തിന്റെ അതിരുകൾ അടച്ചു. ഒരു ഗ്രാമീണൻ വഴിയാണ് പുറത്തു നിന്നുള്ള അവശ്യസാധനങ്ങൾ ഗ്രാമത്തിലെത്തിച്ചത് . ഗ്രാമീണർ കൃഷിയിടങ്ങളിൽ പണികൾ തുടരുകയും വനത്തിൽ മുള, മഹുവ വിളവെടുപ്പിനു തയ്യാറെടുക്കുകയും ചെയ്തു. ഇത്തവണ ഗ്രാമത്തിലെ നൂറുകുടുംബങ്ങൾക്കു മഹുവ പുഷ്പത്തിന്റെ ഓരോ ക്വിന്റൽ വീതം ശേഖരിക്കാൻ കഴിഞ്ഞു. ഗ്രാമവാസികൾ വിഭവങ്ങൾ ഇടനിലക്കാർക്കു വില കുറച്ചു വിൽക്കുന്നത് ഒഴിവാക്കാനായി ഗ്രാമസഭ അത് നേരിട്ട് അവരിൽ നിന്ന് ശേഖരിച്ചു കമ്പോളത്തിൽ വിൽക്കാൻ പദ്ധതിയുണ്ടാക്കി. പ്രാദേശിക ബാങ്കിന്റെ സഹായത്തോടെയാണ് അതിനു ആസൂത്രണം നടത്തിയത്. ഒരു മാസം കഴിഞ്ഞാൽ മുളയുടെ വിളവെടുപ്പിന്റെ കാലമാകും. ലേലംവിളിച്ചാണ് സാ ധാരണ അത് വിൽക്കുന്നത്. ഇത്തവണ അടച്ചിടൽ കാരണം ലേലം മുടങ്ങുമോ എന്ന ഭീതിയുണ്ട്. എന്നാൽ ഒരു പരിഹാരം കണ്ടത്താൻ കഴിയുമെന്ന വിശ്വാസത്തിലാണ് ഗ്രാമവാസികൾ.

പാഠങ്ങൾ:

വനാവകാശനിയമം പോലെ ഗ്രാമീണരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന സംവിധാനങ്ങൾ വഴി ശാക്തീകരിക്കപ്പെട്ട ഗ്രാമങ്ങൾ കോവിഡ് പ്രതിസന്ധി നേരിടുന്നതിൽ മറ്റു ഗ്രാമങ്ങളെക്കാളും നഗരങ്ങളെക്കാളും മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ച വെച്ചത് . ജനങ്ങളെ ഒന്നിച്ചു അണിനിരത്തുന്നതിലും ഭരണം കാര്യക്ഷമമായി നടത്തുന്നതിലും അവർ വിജയിച്ചു. പ്രശ്നങ്ങളെ നേരിടാനുള്ള അവരുടെ കരുത്ത് തെളിയിക്കപ്പെട്ട സന്ദർഭമാണിത്. വിവരവിനിമയത്തിനും അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും കമ്പോളത്തിൽ ഇടപെടുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോഗിക്കാൻ അവർക്കു പരിശീലനം ലഭിച്ചാൽ കാര്യങ്ങൾ ഇനിയും മെച്ചപ്പെടും .

ബന്ധപ്പെടുക: പൂർണിമ ഉപാധ്യായ, khojmelghat@gmail.com, 07223277292/9890359154/9422917732
രാംലാൽ: gramsabhapayvihir@gmail.com, 7774877304

പരിഹാരം 01 **പ്രശ്നം :** ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം :** തൊഴിൽസാധ്യത കൂടിയ ചെറുകിട ഉല്പാദനവും കരകൗശലവസ്തു നിർമാണവും

ഉദാഹരണം 1 | ഉദാഹരണം 2 | നിർദേശങ്ങൾ

ഫോട്ടോ: ആർ. ഇളങ്കോ

ഫോട്ടോ: ആശിഷ് കോത്താരി

(ഇടത്ത്) കൂത്തമ്പക്കം കമ്മ്യൂണിറ്റി യോഗം (വലത്ത്) സമതപുരം വീടുകളും കടയും

കൂത്തമ്പക്കത്തെ സാമ്പത്തിക പുനരുജ്ജീവനം, തമിഴ്നാട്

ചെന്നൈ നഗരപ്രാന്തത്തിലെ ഗ്രാമമാണ് കൂത്തമ്പക്കം. തുടക്കം വരെ ഗ്രാമത്തിലേക്ക് വാഹനസൗകര്യം ഉണ്ടായിരുന്നില്ല. തൊഴിൽ സൗകര്യങ്ങളും പരിമിതം. ജാതിവിവേചനവും സ്ത്രീപീഡനം സംബന്ധിച്ച പരാതികളും ഗ്രാമത്തിൽ വ്യാപകമായിരുന്നു. വ്യാജമദ്യനിർമാണവും കരിഞ്ചന്തയും വൻതോതിൽ നടമാടി.

അങ്ങനെയുള്ള ഗ്രാമത്തിലേക്കാണ് ഇളങ്കോ രാമസ്വാമി നഗരത്തിലെ തൊഴിൽ ഉപേക്ഷിച്ചു എത്തിച്ചേർന്നത്. 1996ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച അദ്ദേഹം ഗ്രാമത്തെ മാറ്റിമറിക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു http://www.vikalpsangam.org/static/media/uploads/Resources/kuthumbakkam_1st_july.pdf. തൃണമൂലതല ആസൂത്രണം വഴി ഗ്രാമീണരെ പ്രശ്നങ്ങൾ സംബന്ധിച്ചു ബോധ്യപ്പെടുത്താനും പരിഹാരം തേടാനും അദ്ദേഹം പ്രേരിപ്പിച്ചു. വ്യാജമദ്യനിർമാണം, സ്ത്രീകൾക്കെതിരെയുള്ള കയ്യേറ്റങ്ങൾ, ജാതിവിവേചനം എന്നീ പ്രശ്നങ്ങളെ നേരിടാനാണ് അദ്ദേഹം ശ്രമങ്ങൾ നടത്തിയത്. എല്ലാവർക്കും വീട്, സ്വയംസഹായ സംഘങ്ങളിലൂടെയും പഞ്ചായത്തു വകയും തൊഴിലവസരങ്ങൾ, പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി ജീവനസാധ്യതകൾ, ദാരിദ്ര്യത്തിൽ നിന്നു മുക്തി നേടാൻ നവീനമായ ഗ്രാമ സമ്പദ്ഘടന തുടങ്ങിയവ ദീർഘകാല ലക്ഷ്യങ്ങൾ . ചെറുകിട ഉല്പാദന യൂണിറ്റുകളിൽ 150 കുടുംബങ്ങൾക്ക് ജോലി കണ്ടെത്താൻ കഴിഞ്ഞു. സമതാപുരം എന്നറിയപ്പെടുന്ന സർക്കാർ ഭവനപദ്ധതിയിലുടെ വ്യത്യസ്ത ജാതിക്കാർ ഒന്നിച്ചു കഴിയുന്ന കോളനികളിൽ താമസിക്കാൻ കുറെ കുടുംബങ്ങളെ പ്രേരിപ്പിക്കാൻ കഴിഞ്ഞു. സാമ്പത്തികരംഗത്തെ മാറ്റങ്ങളുടെ ഫലമായി തൊഴിൽതേടി ഗ്രാമീണർ നഗരങ്ങളിലേക്ക് പോകുന്നത് കുറഞ്ഞു.

എൻജിനീയറായി ജോലി ചെയ്ത ഇളങ്കോ ഊർജ്ജരംഗത്തു ചെലവ് കുറഞ്ഞ പുതിയ ബദലുകൾ വികസിപ്പിക്കാനും ശ്രമം നടത്തി. വീടുകളിലും പൊതുസ്ഥലങ്ങളിലും ഉപയോഗിക്കാവുന്ന സോളാർ വിളക്കുകൾ അദ്ദേഹം വികസിപ്പിച്ചു. മിതമായ നിരക്കിൽ വിൽക്കാൻ കഴിയുന്ന സൗരോർജ വിളക്കുകൾ ജനശ്രദ്ധ നേടി. മെച്ചപ്പെട്ട വികസനപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനും അത് സംസ്ഥാനത്തു പ്രചരിപ്പിക്കാനുമായി പഞ്ചായത്ത് അക്കാഡമി എന്നപേരില് സ്ഥാപനവും തുടങ്ങി. ഇതിലെല്ലാം ജനകീയ

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : തൊഴിൽസാധ്യത കൂടിയ ചെറുകിട ഉല്പാദനവും കരകൗശലവസ്തു നിർമാണവും

പിന്തുണയും ഉറപ്പിക്കാനായി. 'പ്രാഥമികമായ കാര്യം ജനങ്ങളെ സ്വയംപര്യാപ്തിയിലേക്കു നയിക്കാൻ വ്യക്തിതലത്തിലും കുടുംബതലത്തിലും അവരുടെ കഴിവുകൾ വികസിപ്പിക്കുക'യാണെന്ന് ഇളങ്കോ പറയുന്നു. അതിലൂടെ ഗ്രാമങ്ങളിൽ സ്വാശ്രയത്വം സാധ്യമാക്കാനാവും. സ്വയംപര്യാപ്ത ഗ്രാമങ്ങളുടെ കൂട്ടായ്മയിലൂടെ സ്വതന്ത്രമായ സാമ്പത്തിക മേഖലകൾ സൃഷ്ടിച്ചെടുക്കാനും സാധ്യമാവും .

കോവിഡ് കാലത്തു അണുനാശനത്തിനായി സോളാർ ശക്തിയിൽ പ്രവർത്തിക്കുന്ന സംവിധാനം ഇളങ്കോ ഒരുക്കിയിട്ടുണ്ട്. എളുപ്പത്തിൽ സ്ഥാപിക്കാവുന്നതാണിത്. ഗ്രാമങ്ങളിൽ അത് നിർമിക്കുന്നതിനും സാധ്യമാണ്. ആരോഗ്യസുരക്ഷയ്ക്ക് അണുനാശനം നടത്താൻ ഇത് സഹായിക്കും.
https://www.thehindu.com/news/cities/chennai/coronavirus-ex-panchayat-chief-from-tiruvallur-designs-low-cost-method-to-produce-disinfectant/article31400466.ece.

പാഠങ്ങൾ:

ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ചെറുകിട ഉല്പാദന യൂണിറ്റുകൾ ഫലപ്രദമായി തൊഴിൽവ്യാപനത്തിന് ഉപയോഗിക്കാവുന്നതാണ്. ജാതി മുൻവിധികൾക്കെതിരെ സാമൂഹിക ജാഗ്രത ശക്തിപ്പെടുത്തുകയും വേണം. സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിലൂടെ ജനങ്ങളെ ആത്മാഭിമാനത്തോടെ ജീവിക്കാൻ പഠിപ്പിക്കുകയും ഗ്രാമങ്ങളിൽ തുടരാൻ പ്രേരിപ്പിക്കുകയും ചെയ്യാനാവും. ഒഴിച്ചുപോക്ക് തടയാൻ ഇത്തരം ബദലുകൾ ഫലപ്രദമാണ്.

ബന്ധപ്പെടുക: ഇളങ്കോ ആർ panchayatgovt@gmail.com, 9940682201

വീക്ഷിക്കുക: https://vscoronatimes.blogspot.com/2020/05/vikalpvarta4innovationand.html

ഫോട്ടോ: പ്രത്യേക ക്രമീകരണം (ദി ഹിന്ദു)

ഫോട്ടോ: ആശിഷ് കോത്താരി

(ഇടത്ത്) സോളാർ അണുനാശിനി (വലത്ത്) കൂത്തമ്പക്കം ഉപകരണ നിർമാണ കേന്ദ്രം

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : തൊഴിൽസാധ്യത കൂടിയ ചെറുകിട ഉല്പാദനവും കരകൗശലവസ്തു നിർമാണവും

ഫോട്ടോ: ആശിഷ് കോത്താരി

കച്ചിലെ നെയ്ത്തുകാർ: ഷാജി വിശ്രം സാജു , പ്രകാശ് നരൻഭായ് വാങ്കർ, ശീതൾ ഹിതേഷ്ഭായ്

കച്ചിലെ കൈത്തറി നിർമാണശാലകളുടെ പുനരുജ്ജീവനം

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെന്ന പോലെ കച്ചിലും കൈത്തറിനിർമാണ മേഖല രണ്ടുദശകങ്ങള് മുമ്പുവരെ കടുത്ത പ്രതിസന്ധി നേരിട്ടാണ് നിലനിന്നത്. കൈത്തറി ഉത്പന്നങ്ങളുടെ വിപണനം അനുദിനം മോശമായി വന്നു. ഒരുഭാഗത്തു വിലകുറഞ്ഞ ഫാക്റ്ററി തുണിത്തങ്ങളുടെ തള്ളിക്കയറ്റം; മറുഭാഗത്തു 19990കാലത്തും 2000ത്തിനു ശേഷവും ഉണ്ടായ പ്രകൃതി ദുരന്തങ്ങൾഇതെല്ലം കൈത്തറി മേഖലയെ തകർത്തു. തരിപ്പണമായ കച്ച് മേഖലയെ പുനരുദ്ധരിക്കാനുള്ള പൊതുസമൂഹ സംരംഭങ്ങളുടെ ഭാഗമായി ഖമിർ എന്ന കരകൗശലവസ്തുക്കളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്ന സംഘടനയും ചില പ്രാദേശിക നെയ്ത്തുകാരും കൈകോർത്തു കൈത്തറിയെ വീണ്ടെടുക്കാൻ ശ്രമം തുടങ്ങി. തദ്ദേശീയമായ പരുത്തിവസ്ത്രങ്ങളുടെ നിർമാണരീതിയിൽ അവർ പുതുമകൾ പരീക്ഷിച്ചു. പരുത്തിക്കൃഷി മുതൽ വസ്ത്ര നിർമാണം വരെയുള്ള ജൈവമായ ഒരു ശ്രുംഖല കെട്ടിപ്പടുത്തു. അതിലൂടെ പുതിയതരം കൈത്തറി ഇനങ്ങൾ ജനിക്കുകയും അത്കമ്പോളത്തിൽ സ്വീകാര്യത നേടുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ കച്ച് പ്രദേശത്തെ കൈത്തറിമേഖല പച്ചപിടിച്ചു. ഇന്ന് രാജ്യത്തിനകത്തും പുറത്തും കച്ച് കൈത്തറിക്കു നല്ല മാർക്കറ്റുണ്ട്.

ജനക്ഷേമത്തിൽ ഇതു കാര്യമായ മുന്നേറ്റമുണ്ടാക്കി; പ്രത്യേകിച്ചും സാമ്പത്തിക രംഗത്ത്. http://www.vikalpsangam.org/article/sandhani-weaving-transformations-in-kachchh-india-key-findings-and-analysis/#.XrpAjy2B2V4 യുവജനങ്ങളെ തങ്ങളുടെ ഗ്രാമത്തിലെ തൊഴിലുകളിൽ തന്നെ തുടരാനിതു പ്രേരിപ്പിക്കുന്നു. ഏറ്റവും ചുരുങ്ങിയത് പശ്ചിമേഷ്യയിലും മറ്റും കുറേക്കാലം ജോലിചെയ്ത ശേഷം അവർ പരമ്പരാഗത തൊഴിലുകളിലേക്കു തിരിച്ചുവരാൻ താല്പര്യം കാണിക്കുന്നു. സാമ്പത്തികകാരണങ്ങൾ മാത്രമല്ല അതിനവരെ പ്രേരിപ്പിക്കുന്നത്. മറിച്ചു തങ്ങളുടെ ക്രിയാത്മക ശേഷികൾ പ്രയോഗിക്കാൻ കഴിയുന്ന ഒരു തൊഴിൽ; കുടുംബത്തിനൊപ്പം കഴിയാനുള്ള അവസരം; ആരുടെയും കീഴിൽ നില്കേണ്ടതില്ലാത്ത സൗകര്യം; തങ്ങളുടെ പാരമ്പര്യങ്ങളോടുള്ള പ്രതിപത്തി ഇതെല്ലം അതിൽ ഘടകങ്ങളാണ്. കച്ച് കൈത്തറിയുടെ പാരമ്പര്യ സവിശേഷതകൾ നിലനിർത്തിക്കൊണ്ടു പുതുമയുള്ളതും ക്രിയാത്മകവുമായ പരീക്ഷണങ്ങൾ നടത്താൻ ഇന്ന് കഴിയുന്നുണ്ട്. പുറത്തുപോയി പുത്തൻ ശൈലികൾ പഠിച്ചത് പരീക്ഷിക്കാനും അവർ തയ്യാറാകുന്നു.

പരിഹാരം 01

പ്രശ്നം : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02

പരിഹാരം : തൊഴിൽസാധ്യത കൂടിയ ചെറുകിട ഉല്പാദനവും കരകൗശലവസ്തു നിർമാണവും

സാമൂഹികബന്ധങ്ങളിലും ഇതു മാറ്റങ്ങൾ കൊണ്ടുവരുന്നു. ഉദാഹണത്തിനു ജാതിബന്ധങ്ങൾ. ജാതി ശ്രേണിയിൽ കീഴറ്റത്തു നിന്ന നെയ്ത്തുകരോടുള്ള മനോഭാവത്തിൽ മാറ്റം വന്നിരിക്കുന്നു. സ്ത്രീകളുടെ സാമൂഹികപദവിയും ഉയർന്നു. പുതിയ തലമുറ ശക്തമായി പ്രവർത്തനരംഗത്തു വന്നിരിക്കുന്നു; അവർക്കു സമൂഹത്തിൽ ബഹുമാനം ലഭിക്കുന്നു.

അതേസമയം കൈത്തറി ഉത്പന്നങ്ങളുടെ കമ്പോളത്തിലും മാറ്റമുണ്ടായി. നേരത്തെ പ്രാദേശികവിപണിയെ ആശ്രയിച്ച ഉല്പാദകർക്കു ഇപ്പോൾ ദേശീയ, അന്തർദേശീയ വിപണിയാണ് പ്രധാന വരുമാന മാർഗം. അതിന്റെ ഫലമായി, അവർ ആഗോളവിപണിയിലെ മാറ്റങ്ങൾക്കു വിധേയരാണ്. കോവിഡ് കാലത്തു വിപണിയിലെ ചാഞ്ചല്യങ്ങൾ അവരെ ബാധിച്ചു. മേഖലയിലെ പലരെയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്. പ്രത്യേകിച്ചും താത്കാലിക പണിക്കാർക്കിതു കടുത്ത തിരിച്ചടിയുണ്ടാക്കുന്നു. എന്നാൽ നെയ്ത്തുകാരായ വങ്കർ സമുദായം പ്രതീക്ഷിക്കുന്നത് നേരത്തെ പല പ്രതിസന്ധികളെയും നേരിട്ടപോലെ ഇത്തവണയും അതിനെ മറികടക്കുമെന്നാണ്. ബദൽ വിപണന മാർഗങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിലാണ് അവർ.

പാഠങ്ങൾ:

അനിവാര്യമായ പരിഷ്കാരങ്ങളും ആവശ്യമായ നിക്ഷേപവും ഉണ്ടെങ്കിൽ പരമ്പരാഗത വ്യവസായങ്ങൾ പുതുതലമുറക്ക് തൊഴിൽ സൗകര്യങ്ങൾ നൽകുന്ന തരത്തിൽ വികസിപ്പിക്കാൻ കഴിയും. അവർ തൊഴിൽ തേടി നാടുവിടുന്ന അവസ്ഥ ഒഴിവാക്കാനും കഴിയും. പ്രാദേശിക വിജ്ഞാനവും ക്രിയാത്മകതയും നവീനമായ മട്ടിൽ സ്ഥാപനങ്ങളെ കെട്ടിപ്പടുക്കാനുള്ള ശേഷിയും വികസിപ്പിക്കണം. സാങ്കേതികവിദ്യയിലും രൂപകല്പനയിലും ആധുനിക സങ്കല്പങ്ങളെ സ്വീകരിക്കാൻ തയ്യാറാവണം. ജാതിവിവേചനവും മറ്റു പ്രശ്നങ്ങളും ഒഴിവാക്കി ജനാധിപത്യശൈലി സ്വീകരിക്കണം. പാരമ്പര്യതൊഴിലുകൾ വെറും തൊഴിലുകൾ മാത്രമല്ല ഒരു ജീവിതശൈലിയുടെയും സംസ്കാരത്തിന്റെയും തുടർച്ച കൂടിയാണ്. അതിനാൽ മാറ്റങ്ങൾ സ്വീകരിക്കാനും നല്ലതു നിലനിർത്താനും പഠിക്കണം.

ബന്ധപ്പെടുക: ഘടിത് ലഹിരു, ghatit.laheru@khamir.or, 9979450131

കാണുക: https://vscoronatimes.blogspot.com/2020/04/vikalpvarta2youthweavenewstoryin.html

പരിഹാരം 01 **പ്രശ്നം** : ഗ്രാമങ്ങളിലെ അതിജീവന പ്രതിസന്ധിയും നഗരങ്ങളിലേക്കുള്ള ഒഴിച്ചുപോക്കും

പരിഹാരം 02 **പരിഹാരം** : തൊഴിൽസാധ്യത കൂടിയ ചെറുകിട ഉല്പാദനവും കരകൗശലവസ്തു നിർമാണവും

ഗ്രാമതല തൊഴിൽപ്രശ്നങ്ങളും ഒഴിച്ചുപോക്കും നേരിടുന്നതിന് ചില നിർദേശങ്ങൾ

- പ്രാദേശിക തൊഴിൽസാധ്യതകൾക്കും വിപണിക്കും മുൻഗണന കൊടുക്കുക. കർഷകർ, വനവാസികൾ, മീൻപിടിത്തക്കാർ, നാടോടികൾ, കരകൗശലപ്പണിക്കാർ, മറ്റു പ്രാദേശിക തൊഴിലുകാർ തുടങ്ങിയവർക്ക് പ്രാധ്യാന്യം നൽകുക.
- പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനും പരിസ്ഥിതിയുടെ നിലനില്പിനും സഹായകമായ നയങ്ങൾ ആവിഷ്കരിക്കുക. പ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള ജീവനമാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
- സ്വാശ്രയത്വവും സ്വയംഭരണവും പ്രോത്സാഹിപ്പിക്കുക. പ്രാദേശിക വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിൽ ഗ്രാമസഭകൾ, മൊഹല്ലസഭകൾ, മറ്റു പ്രാദേശിക ഭരണസംവിധാനങ്ങൾ എന്നിവക്കു മുൻകൈ നൽകുക. സ്ത്രീകൾ അടക്കമുള്ളവർക്ക് പ്രോത്സാഹനവും പിന്തുണയും നൽകുക.
- സാമൂഹികാവശ്യങ്ങൾക്കു ഗ്രാമതല ഫണ്ടു സ്വരൂപിക്കുക. അവയുടെ പ്രവർത്തനം പൊതുആവശ്യങ്ങൾ മുൻനിർത്തിയും സുതാര്യമായും നടത്താൻ സംവിധാനം ഒരുക്കുക. ചുമതലക്കാരെ ഇടയ്ക്കിടെ മാറ്റാൻ സംവിധാനമുണ്ടാക്കുക.
- പദ്ധതികളുടെ രൂപകല്പനയ്ക്കും നടത്തിപ്പിനും പ്രാദേശിക മേൽകൈ പ്രോത്സാഹിപ്പിക്കുക. അവയുടെ ഭരണവും നേതൃത്വവും പ്രാദേശികതലത്തിൽ തിരഞ്ഞെടുക്കുന്നവരെ ഏല്പിക്കുക.
- ആദിവാസി വനാവകാശ നിയമം, പഞ്ചായത്തീരാജ് നിയമം, പെസ നിയമം തുടങ്ങിയ നിയമസംവിധാനങ്ങളും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഫലപ്രദമായി നടപ്പിലാക്കുക. പ്രദേശിക വിഭവങ്ങളും ശേഷിയും സ്വാശ്രയത്വവും ശക്തിപ്പെടുത്തുന്ന വിധം ദീർഘകാലനേട്ടങ്ങൾ ഉണ്ടാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.
- അടിസ്ഥാനാവശ്യങ്ങൾക്കുപോലും വിദൂര കമ്പോളങ്ങളെ ആശ്രയിക്കേണ്ടി വരുന്ന പദ്ധതികൾ ഒഴിവാക്കുകയോ നീട്ടിവെക്കുകയോ ചെയ്യുക .
- പ്രകൃതിവിഭവങ്ങളും പരിസ്ഥിതിയും ഗുരുതരവും നികത്താനാവാത്തതുമായ പരിക്കുകൾ നേരിടാനിടയുള്ള പദ്ധതികളും പ്രവർത്തനങ്ങളും പുനപ്പരിശോധിക്കുകയും ഒഴിവാക്കുകയും ചെയ്യുക.
- പ്രാദേശികമായി ലഭ്യമാക്കാവുന്ന സേവനങ്ങളുടെയും ഉത്പന്നങ്ങളുടെയും കാര്യത്തിൽ വൻകിട വ്യവസായങ്ങളെ പൂർണമായും ഒഴിവാക്കുക. അത്തരം കാര്യങ്ങളിൽ വൻകിടക്കാർക്കു നൽകുന്ന സഹായങ്ങളും പിന്തുണയും പിൻവലിക്കുക.
- കൈത്തൊഴില് കൊണ്ട് സാധ്യമാകുന്ന എല്ലാ പ്രവർത്തന മേഖലകളിലും യന്ത്രങ്ങളുടെ ഉപയോഗം ഒഴിവാക്കുക. യന്ത്രസംവിധാനങ്ങൾക്കു നൽകുന്ന പ്രോത്സാഹനം പിൻവലിക്കുക.
- ജനങ്ങളുടെ അടിസ്ഥാനപരമായ അവകാശങ്ങൾ, പരിസ്ഥിതി, പ്രകൃതി സംരക്ഷണം എന്നിവ ഉറപ്പുവരുത്താനുള്ള നിയമങ്ങളും സംവിധാനങ്ങളും നടപ്പിലാക്കുക ; അതിൽ വെള്ളംചേർക്കാനുള്ള നീക്കങ്ങളെ ചെറുക്കുക.
- കൈകൊണ്ടുള്ള ഉത്പന്നങ്ങളുടെയും പ്രവർത്തനങ്ങളുടെയും മേൽ ജിഎസ്ടി പോലുള്ള നികുതികൾ ഒഴിവാക്കുക. കൃഷി, വനം, മൽസ്യബന്ധനം, കരകൗശല മേഖലകളിലെ ഉത്പന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്തുക. സർക്കാർ ഏജൻസി വഴി മാത്രം വിപണനം തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കുക.

പ്രശ്നം : ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്കു കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്തു സമൂഹങ്ങളുടെ ശാക്തീകരണം

ഉദാഹരണം 1 | ഉദാഹരണം 2 | നിർദേശങ്ങൾ

ഫോട്ടോ: കുനാരിയ പഞ്ചായത്ത്

(ഇടത്ത്) കുമാരിയ ഗ്രാമസഭ (വലത്ത്) ഗ്രാമത്തിന്റെ മാപ്പിംഗ്

കച്ചിലെ കുമാരിയയിൽ പഞ്ചായത്ത് നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, ഗുജറാത്ത്

കച്ച് പ്രദേശത്തെ ഭുജ് പട്ടണത്തിൽ നിന്നും 20 കിലോമീറ്റര് അകലെയാണ് കുമാരിയ ഗ്രാമം. ഗ്രാമസ്വയംഭരണത്തിനു ഊന്നൽ നൽകുന്ന 73മത് ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഗ്രാമത്തിൽ ഭരണസംവിധാനത്തിൽ മാറ്റം കൊണ്ടുവരാൻ അവർ ഏതാനും വർഷങ്ങളായി പരിശ്രമിക്കുകയായിരുന്നു. 2017ൽ ഗ്രാമത്തലവനായി തിരഞ്ഞെടുക്കപ്പെട്ട സുരേഷ് ചങ്ങ്ഗ ഗ്രാമഭരണത്തിൽ പല മാറ്റങ്ങളും കൊണ്ടുവന്നു. https://kunariyapanchayat.blogspot.com/2020/03/kindnessmatters-how-ordinary-sarpanch.html പദ്ധതികളിൽ ജനപങ്കാളിത്തം, വികേന്ദ്രീകൃത തലത്തിൽ തീരുമാനമെടുക്കൽ, സർക്കാർപദ്ധതികളുടെ ഫലപ്രദമായ പ്രയോഗവത്കരണം, ഗ്രാമവാസികളും സർക്കാർ സംവിധാനവും തമ്മിലുള്ള വിടവുനികത്തൽ തുടങ്ങിയ കാര്യങ്ങളിലാണ് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചത്. ഗ്രാമവാസികളെ ബാധിക്കുന്ന വിഷയങ്ങൾ, പദ്ധതികൾ, ബജറ്റ് തുടങ്ങിയ കാര്യങ്ങൾ യോഗങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ജനങ്ങളെ അറിയിക്കുന്നു. ജനജീവിതത്തിൽ നേരിട്ട് ബന്ധപ്പെട്ട കാര്യങ്ങളിൽ സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. സ്ത്രീകളുടെ അഭിപ്രായങ്ങൾക്കു മുൻഗണന ഉറപ്പാക്കിയതു വഴി അവരുടെ പങ്കാളിത്തത്തിൽ വമ്പിച്ച വർധനയുണ്ടായി. മഹത്മാഗാന്ധി ഗ്രാമീണ തൊഴിൽ ദാന പദ്ധതിയും ഭക്ഷ്യസുരക്ഷാ നിയമവും നടപ്പിലാക്കുന്നതിൽ ഗ്രാമം പ്രത്യേകം ശ്രദ്ധിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ ലക്ഷ്യങ്ങൾ നടപ്പിലാക്കാനും അവർ ശ്രമിക്കുന്നു.
https://kunariyapanchayat.blogspot.com/2020/02/efforts-by-kunariya-gram-panchayat-in.html

പ്രദേശത്തെ വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിലും കുമാരിയ ഗ്രാമമാണ് നേതൃത്വം നൽകുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, വനിതാശാക്തീകരണം, ശുചിത്വം, തൊഴിൽ, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ 16,000 വരുന്ന ഗ്രാമീണരെ ബോധവത്കരിക്കാൻ 115 കർമ്മഭടന്മാർ രംഗത്തുണ്ട്.

കോവിഡ് രോഗബാധയും വ്യാപനവും സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കാൻ സാമൂഹിക മാധ്യമ

പ്രശ്നം : ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്കു കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്തു സമൂഹങ്ങളുടെ ശാക്തീകരണം

ങ്ങൾ ഫലപ്രദമായി ഉപയോഗിച്ചു. https://www.patrika.com/ahmedabad-news/kunaria-courageously-committed-against-corona-for-public-interest-6082786/ വീടുകൾ തോറും ആരോഗ്യസർവേ നടത്തി. അവശ്യ സാധനങ്ങളുടെ വിതരണത്തിനായി നിശ്ചിത വ്യാപാരികളെ മാത്രമാണ് ഗ്രാമത്തിൽ പ്രവേശിക്കാൻ അനുവദിച്ചത്. പഞ്ചായത്ത് നേരിട്ട് 316 കുടുംബങ്ങൾക്ക് ഭക്ഷണം നൽകി. ദരിദ്രരായ 87 കുടുംബങ്ങളുടെ സംരക്ഷണത്തിന് ഗ്രാമത്തിലെ സമ്പന്നകുടുംബങ്ങളിൽ നിന്ന് ധനസഹായം തേടി. കാഴ്ചശക്തി കുറഞ്ഞവരും മറ്റു ശാരീരികപ്രശ്നങ്ങൾ ഉള്ളവരുമായ ആളുകൾ, ഒറ്റപ്പെട്ട സ്ത്രീകൾ, അരികുകളിൽ കഴിയുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്കു ഭക്ഷ്യസഹായം, മരുന്നുകൾ, മറ്റു അടിയന്തിര സഹായങ്ങൾ എന്നിവ നൽകുന്നു. ഗ്രാമത്തിലെ 106 തൊഴിലാളികൾക്കു ഗ്രാമീണ തൊഴിലുറപ്പുപദ്ധതി വഴി ജോലി കണ്ടെത്തി.

കോവിഡ് അടച്ചിടലിൽ വീടുകളിൽ തങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വികസനത്തിന് മുതിർന്ന തലമുറയിലെ അംഗങ്ങളെ കണ്ടെത്തി അവരുടെ സേവനം പ്രയോജനപ്പെത്തിയതാണ് മറ്റൊരു പ്രധാനനേട്ടം. സംഗീതം, കരകൗശലവൃത്തികൾ, ഭക്ഷണം പാകംചെയ്യൽ, പരമ്പരാഗത സാങ്കേതികവിദ്യകൾ മുതൽ ആധുനിക ഇലേണിങ് സംവിധാനം വരെ കുട്ടികളെ പരിചയപ്പെടുത്തി. കുട്ടികൾക്ക് അടച്ചിടലിൽ മടുപ്പുണ്ടെന്നും സ്കൂളിൽ തിരിച്ചെത്താൻ അവർ ആഗ്രഹിക്കുന്നുണ്ടെന്നും ചിലപ്പോൾ മുതിർന്നവരിൽ നിന്നും അവർ പീഡനം നേരിടുന്നുവെന്നും തിരിച്ചറിഞ്ഞാണ് ഈ സംവീധാനം വികസിപ്പിച്ചത്.

കോവിഡ് വ്യാപനം ഗ്രാമത്തിലെത്തിയാൽ അടിയന്തിര സാഹചര്യത്തിൽ രോഗികളെ പാർപ്പിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താനും ഗ്രാമസഭ തീരുമാനിച്ചിട്ടുണ്ട്.

ബന്ധപ്പെടുക: സുരേഷ് ചങ്ങ: sureshchhanga@gmail.com, 9913055305

ഫോട്ടോ: കുനാരിയ പഞ്ചായത്ത്

(ഇടത്ത്) മുഖാവരണ നിർമാണം (വലത്ത്) ദുരന്തനിവാരണ സമിതി യോഗം

പ്രശ്നം : ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്കു കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്തു സമൂഹങ്ങളുടെ ശാക്തീകരണം

ഫോട്ടോ: ട്രൈബൽ ഹെൽത്ത് ഇനിഷ്യേറ്റീവ്

ശിശുമരണ നിരക്കിൽ വലിയ കുറവുണ്ടായ സിറ്റിലിങ്ങിഗ്രാമത്തിൽ ജനങ്ങൾ ആരോഗ്യകേന്ദ്രത്തിൽ

സീറ്റിലിങ്ങി യിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, തമിഴ്നാട്

തമിഴ്നാട്ടിൽ ധർമപുരി ജില്ലയിലെ സീറ്റിലിങ്ങി താഴ്വരയിൽ പ്രവർത്തിക്കുന്ന നോൺപ്രോഫിറ്റ് സംഘടനയാണ് ട്രൈബൽ ഹെൽത്ത് ഇനിഷ്യറ്റീവ് (ടിഎച്ച്ഐ) https://www.tribalhealth.org/. മലവാസി ആദിവാസികൾ എന്നറിയപ്പെടുന്ന പ്രാദേശികജനങ്ങളുടെ ക്ഷേമത്തിലാണ് അവർ ശ്രദ്ധിക്കുന്നത്. ഗാന്ധിയൻ മൂല്യങ്ങളിൽ പ്രചോദിതരായ മലയാളി വൈദ്യദമ്പതികളാണ് 1993ൽ ടി എച്ച് ഐ സ്ഥാപിച്ചത്. റെജി ജോർജ് അനസ്തേഷ്യയും ലളിതാ റെജി ഗൈനക്കോളജിയുമാണ് പഠിച്ചത്. പ്രാദേശിക ക്ലിനിക്, പ്രസവ ശുശ്രൂഷാ കേന്ദം എന്നീ നിലകളിൽ പ്രവർത്തിച്ച മണ്ണുകൊണ്ട് നിർമിച്ച ചെറിയ കെട്ടിടത്തിലാണ് അവരുടെ സേവനപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഐഎസ്ഒ അംഗീകാരമുള്ള ഒരു സമ്പൂർണ ആശുപത്രിയായി അതിന്നു മാറിയിരിക്കുന്നു. ആറു ഡോക്ടർമാരും 30 നഴ്സുമാരും പ്രവർത്തിക്കുന്ന ആശുപത്രി പ്രതിവർഷം ഒരു ലക്ഷം രോഗികളെ പരിചരിക്കുന്നു .

1993ൽ ആശുപത്രി പ്രവർത്തനം ആരംഭിക്കുന്ന കാലത്തു പ്രദേശത്തു ശൈശവ മരണം ആയിരത്തിൽ 157 എന്ന അവസ്ഥയിലായിരുന്നു. ഇന്നതു ആയിരത്തിൽ 20 ആയി കുറഞ്ഞു. കഴിഞ്ഞ പത്തുവർഷത്തിൽ പ്രസവത്തിൽ ഒരു സ്ത്രീ പോലും ഗ്രാമത്തിൽ മരിച്ചിട്ടില്ല. കുട്ടികളിൽ പോഷകാഹാരക്കുറവു 70 ശതമാനം കണ്ടു കുറഞ്ഞിരിക്കുന്നു. എന്നാൽ സംഘടന ആരോഗ്യകാര്യത്തിൽ മാത്രമല്ല ശ്രദ്ധിക്കുന്നത്. ഒരു കമ്മ്യൂണിറ്റി വികസനപദ്ധതി, സമൂഹ ജൈവകൃഷിയിടം, ലംബാടി തുന്നൽപ്പണിയെ പ്രോത്സാഹിപ്പിക്കാനായി കരകൗശലശാല , വനിതാസംരംഭകർക്ക് പ്രത്യേക പ്രോത്സാഹന പദ്ധതി എന്നിവയൊക്കെ അതിന്റെ ഭാഗമാണ്.

അവരുടെ സാമൂഹിക സംരംഭങ്ങൾ പ്രാദേശിക ഭരണസംവിധാനത്തിലും പല മാറ്റങ്ങൾക്കും പ്രചോദനമായി. കോവിഡ് നേരിടാൻ ഗ്രാമസഭ സ്വീകരിച്ച ഊർജിത നടപടികൾ അതിനു തെളിവാണ് https://www.villagesquare.in/2020/05/01/how-a-tribal-community-took-measures-to-guard-itself-against-covid-19/. മഹമാരിയെ സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് വന്നയുടനെ പഞ്ചായത്ത് പ്രസിഡണ്ട്മാതേശ്വരി അടിയന്തിരയോഗം വിളിച്ചുകൂട്ടി. സ്ഥലത്തെ പ്രൈമറി ഹെൽത്ത് സെന്റർ, ടി എച്ച് ഐ, മറ്റു

പ്രശ്നം : ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്കു കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്തു സമൂഹങ്ങളുടെ ശാക്തീകരണം

സർക്കാർ വകുപ്പുകൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്ത യോഗം അടിയന്തിര പ്രതിരോധനടപടികൾ ആസൂത്രണം ചെയ്തു.

ഏതാണ്ട് 15,000 ജനങ്ങളുള്ള പഞ്ചായത്തിൽ മഹാമാരിയെ സംബന്ധിച്ച ബോധവൽകരണ പ്രവർത്തനമാണ് ആദ്യം നടത്തിയത്. ഓട്ടോറിക്ഷകളിൽ മൈക്ക് കെട്ടി ഗ്രാമത്തിലെങ്ങും പ്രചാരണം നടത്തി. ജനങ്ങൾ തിങ്ങിക്കൂടുന്ന എല്ലായിടത്തും സാമൂഹിക അകലം നിർബന്ധിതമാക്കി. ഹോട്ടലുകളും മസാലക്കടകളും ഒഴിച്ചു മറ്റെല്ലാ കടകളും അടച്ചു. ഗ്രാമത്തിലേക്കു തിരിച്ചെത്തിയ പ്രവാസിതൊഴിലാളികളെ ക്വാറന്റൈനു വി ധേയമാക്കി. അത്തരം കേസുകൾക്കായി ആശുപത്രിയിൽ പ്രത്യേക ഓ.പി. വിഭാഗം തുറന്നു. വരുമാനവർധനവിനായി പ്രദേശത്തെ തുന്നൽക്കാരുടെ സഹായത്തോടെ മുഖാവരണങ്ങൾ നിർമിച്ചു വിതരണം ചെയ്തു. റേഷൻകടകളിൽ തിരക്ക് ഒഴിവാക്കാൻ ടോക്കൺ സമ്പ്രദായം നടപ്പിലാക്കി. കൈകഴുകുന്നത് നിർബന്ധമാക്കുകയും അതു പാലിക്കാത്തവർക്കു പിഴ ചുമത്തുകയും ചെയ്തു . ദിനംപ്രതി സോഷ്യൽമീഡിയ വഴി വിവങ്ങൾ പങ്കുവെച്ചു.

പാഠങ്ങൾ:

കോവിഡ് പോലെയുള്ള പ്രതിസന്ധികളെ നേരിടാൻ സ്വയംസജ്ജമായ പ്രാദേശികതല സംവിധാനങ്ങളാണ് ഫലപ്രദം. സ്വയംഭരണം, ആരോഗ്യ സംവിധാനങ്ങളെ സംബന്ധിച്ച അവബോധം എന്നിവ പ്രധാനമാണ്. ആരോഗ്യരംഗത്തെ എല്ലാ വെല്ലുവിളികൾക്കും ഇതുതന്നെയാണ് ഫലപ്രദമായ പ്രതിരോധം. പുറത്തു നിന്നുള്ള വിദഗ്ദ്ധർ എത്തുന്നത് കാത്തിരിക്കേണ്ട ആവശ്യം കുറയ്ക്കാനാവണം. കേന്ദ്രീകൃത ആരോഗ്യ സംവിധാനങ്ങളിലുള്ള സമ്മർദ്ദം കുറയ്ക്കാനും വികേന്ദ്രീകൃത രീതികൾ സഹായിക്കും.

ബന്ധപ്പെടുക:

റെജി & ലളിത, regilalitha@gmail.com / thisittilingi@gmail.com,
9585899061, 9488344325

പ്രശ്നം : ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സമൂഹങ്ങൾക്കു കഴിയാതെ വരുന്ന സാഹചര്യം

പരിഹാരം : ആരോഗ്യരംഗത്തു സമൂഹങ്ങളുടെ ശാക്തീകരണം

- ആരോഗ്യപരവും മറ്റുമായ അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിൽ ചില നിർദേശങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അടക്കം പ്രാദേശികതലത്തിൽ ആരോഗ്യ സംരക്ഷണത്തിനുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൊതുനിയന്ത്രണത്തിൽ ആരംഭിക്കുക. വ്യത്യസ്ത ചികത്സാസമ്പ്രദായങ്ങൾക്കു പ്രാതിനിധ്യം നൽകണം. സർക്കാർ വകുപ്പുകളുടെയും പൊതുസമൂഹ പ്രസ്ഥാനങ്ങളുടെയും പിന്തുണ ഉറപ്പാക്കണം. പ്രാദേശികാടിസ്ഥാനത്തിലെ ചികിത്സാലയങ്ങളിൽ പ്രാഥമികമായ രോഗശുശ്രൂഷക്കുള്ള സൗകര്യങ്ങൾ ഉറപ്പാക്കണം. കൂടുതൽ ഉയർന്ന സൗകര്യങ്ങളും സ്പെഷ്യലൈസേഷനും ബ്ലോക്ക്/ജില്ലാ/സംസ്ഥാന തല ആശുപത്രികളിൽ ഉറപ്പുവരുത്തണം.
- വിവരങ്ങൾ സുതാര്യമായും എളുപ്പത്തിലും ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനു സാമൂഹികമാധ്യമ സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കണം. വിവിധ പദ്ധതികൾ, നിയമങ്ങളും ചട്ടങ്ങളും, അടിയന്തിര കാര്യങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ അതിലൂടെ ജനങ്ങളിൽ എത്തിക്കാൻ കഴിയും.
- പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങളുള്ള വ്യക്തികളെയും കുടുംബങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കേണ്ടതാണ്.
- സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചു നടപടികൾ സ്വീകരിക്കണം .
- സർക്കാർ സേവനങ്ങൾ വകുപ്പുകൾ തമ്മിലുള്ള മത്സരവും പ്രശ്നങ്ങളും ഒഴിവാക്കി സന്നദ്ധസംഘടനകളും പൊതുസമൂഹ പ്രസ്ഥാനങ്ങളുമായി യോജിപ്പിച്ചു പ്രയോജനപ്പെടുത്താൻ നടപടി എടുക്കണം.
- ആരോഗ്യം, ഭക്ഷണം, പോഷകങ്ങൾ, ജീവനമാർഗങ്ങൾ (കൃഷി ,കൈത്തൊഴിലുകൾ, ചെറുകിടസംരംഭങ്ങൾ) എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് ഒരു പൊതുകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ശ്രമങ്ങൾ നടത്തണം.
- കല, സംഗീതം, നൃത്തം, ആരോഗ്യം, ശുചിത്വം തുടങ്ങിയവ സമൂഹത്തിലെ എല്ലവർക്കും ലഭ്യമാകുന്ന തരത്തിൽ നയങ്ങൾ ആവിഷ്കരിക്കുക; അനുഭവങ്ങളിൽ നിന്ന് പഠിക്കുകയും പുതിയ പാഠങ്ങൾ ഉൾക്കൊള്ളാനുള്ള മനസ്ഥിതി വികസിപ്പിക്കുകയും ചെയ്യുക.

ഈ രേഖ തയ്യാറാക്കിയത് അനന്തു, സൃഷ്ടി ബാജ്പേയ്, സേതുലക്ഷ്മി വിനയൻ, പൂർണിമ ഉപാധ്യായ, സംഗീതാ ശ്രീറാം, ഇഷ്തിയാഖ് അഹമ്മദ്, അലക്സ് ജെൻസൺ, സുജാതാ പദ്മനാഭൻ, ഇളങ്കോ രാമസ്വാമി, സുജിത് സിൻഹ, മിഹിർ ഷാ, അദിതി സജ്വാൻ, സുരേഷ് ചാങ്ക, ജിഗ്സ് സ്പൂർ, ജൂഹി പാണ്ഡെ, ഗോപി ശങ്കരസുബ്രമണി എന്നിവരുടെ കുറിപ്പുകളുടെ സഹായത്തോടെയാണ്. ഏകോപനം: ആശിഷ് കൊത്താരി. മലയാളം പരിഭാഷ: എൻ പി ചെക്കുട്ടി കൂടെ ഡിസൈൻ: നവീദ് ദാദൻ

സൈറ്റേഷൻ: വികല്പസംഗം, *'സാധാരണ'ജനങ്ങളുടെ അസാധാരണ പ്രവൃത്തികൾ പ്രതിസന്ധിയിൽ നിന്ന് പുറത്തേക്കു വഴികാട്ടുന്നു,'* വാല്യം 1, വികല്പസംഗം കോർ ഗ്രൂപ്പ്, പുണെ, മെയ് 2020.

ഇത് കോപ്പിലെഫ്റ്റ് പ്രസിദ്ധീകരണമാണ്. വാണിജ്യേതര ആവശ്യങ്ങൾക്ക് ഇതു സ്വതന്ത്രമായി ഉപയോഗിക്കാവുന്നതാണ്. ക്രെഡിറ്റുകളും സൈറ്റേഷനും നൽകിയാൽ നല്ലത്. പുനഃപ്രസിദ്ധീകരണവും കോപ്പിലെഫ്റ്റ് സംവിധാനത്തിൽ മാത്രമേ പാടുള്ളൂ. നീതിപൂർവകവും സമത്വത്തിൽ ഊന്നിയതും നിലനിൽക്കുന്നതുമായ മാനുഷിക,പരിസ്ഥിതി സംവിധാനങ്ങളെ

പ്രോത്സാഹിപ്പിക്കുന്ന വ്യക്തികൾ, പ്രസ്ഥാനങ്ങൾ, ഗ്രൂപ്പുകൾ എന്നിവയുടെ പൊതുമണ്ഡലമാണ് വികൽപ് സംഗം. നിലവിലുള്ള വികസന മാതൃകകളെയും അതു നിർമിക്കുന്ന അസമത്വവും അനീതിയും ഞങ്ങൾ തിരസ്കരിക്കുന്നു. പ്രയോഗത്തിലും ചിന്തയിലും ബദൽ മാർഗങ്ങൾ തേടുന്നു. രാജ്യത്തെ വിവിധ പ്രദേശങ്ങളിലുള്ള ഏതാണ്ട് 60 പ്രസ്ഥാനങ്ങൾ വികൽപ് സംഗത്തിൽ അംഗങ്ങളാണ്. അവയുടെ പേരുവിവരങ്ങൾ താഴെ.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: http://www.vikalpsangam.org/about/

വികൽപ് സംഗം

www.vikalpsangam.org

- ACCORD (Tamil Nadu)
- Alliance for Sustainable and Holistic Agriculture (national)
- Alternative Law Forum (Bengaluru)
- Ashoka Trust for Research in Ecology and the Environment (Bengaluru)
- BHASHA (Gujarat)
- Bhoomi College (Bengaluru)
- Blue Ribbon Movement (Mumbai)
- Centre for Education and Documentation (Mumbai)
- Centre for Environment Education (Gujarat)
- Centre for Equity Studies (Delhi)
- CGNetSwara (Chhattisgarh)
- Chalakudypuzha Samrakshana Samithi / River Research Centre (Kerala)
- ComMutiny: The Youth Collective (Delhi)
- Deccan Development Society (Telangana)
- Deer Park (Himachal Pradesh)
- Development Alternatives (Delhi)
- Dharamitra (Maharashtra)
- Ekta Parishad (several states)
- Ektha (Chennai)
- EQUATIONS (Bengaluru)
- Gene Campaign (Delhi)
- Greenpeace India (Bengaluru)
- Health Swaraaj Samvaad (national)
- Ideosync (Delhi)
- Jagori Rural (Himachal Pradesh)
- Kalpavriksh (Maharashtra)
- Knowledge in Civil Society (national)
- Kriti Team (Delhi)
- Ladakh Arts and Media Organisation (Ladakh)
- Local Futures (Ladakh)
- Maati (Uttarakhand)
- Mahila Kisan Adhikar Manch (national)
- Mazdoor Kisan Shakti Sangathan (Rajasthan)
- National Alliance of Peoples' Movements (national)
- Nirangal (Tamil Nadu)
- North East Slow Food and Agrobiodiversity Society (Meghalaya)
- Peoples' Science Institute (Uttarakhand)
- Revitalising Rainfed Agriculture Network (national)
- reStore (Chennai)
- Sahjeevan (Kachchh)
- Sambhaavnaa (Himachal Pradesh)
- Samvedana (Maharashtra)
- Sangama (Bengaluru)
- Sangat (Delhi)
- School for Democracy (Rajasthan)
- School for Rural Development and Environment (Kashmir)
- Shikshantar (Rajasthan)
- Snow Leopard Conservancy India Trust (Ladakh)
- Social Entrepreneurship Association (Tamil Nadu)
- SOPPECOM (Maharashtra)
- South Asian Dialogue on Ecological Democracy (Delhi)
- Students' Environmental and Cultural Movement of Ladakh (Ladakh)
- Thanal (Kerala)
- Timbaktu Collective (Andhra Pradesh)
- Titli Trust (Uttarakhand)
- Tribal Health Initiative (Tamil Nadu)
- URMUL (Rajasthan)
- Vrikshamitra (Maharashtra)
- Watershed Support Services and Activities Network (Andhra Pradesh/Telangana)